# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# എടത്തിരുത്തി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ - 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ.(പി4)1924/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 23/12/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എടത്തിരുത്തി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : എടത്തിരുത്തി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടത്തിരുത്തി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ.(പി4)1924/2023 തീയ്യതി: 23/12/2023

## തൃശ്ശൂർ ജില്ലയിലെ എടത്തിരുത്തി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ എടത്തിരുത്തി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 09-11-2022 മുതൽ 06-11-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സാബു പി.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 07-11-2023 | 15-11-2023 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 07-11-2023 | 15-11-2023 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി .ഓമന.കെ.പി,ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)

ശ്രീമതി.സീനത്ത്.പി.എ,ഓഡിറ്റ് ഓഫീസർ

ശ്രീമതി.വിദ്യ.ഒ.കെ.സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.കൃഷ്ണരാഹുൽ എം.ടി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ടി കെ ചന്ദ്രബാബു | പ്രസിഡന്റ് | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| റെനി പോൾ | സെക്രട്ടറി | 01-04-2022 | 30-09-2022 |
| സുരേഷ് കെ.ആർ | സെക്രട്ടറി | 01-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| അമൃതകുമാരി വി.ഡി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 06-11-2022 |
| സുഹാസ് സി.എം | അസിസ്റ്റന്റ് സെക്രട്ടറി | 07-11-2022 | 31-03-2023 |
| സിബി സോമു | വെറ്ററിനറി സർജ്ജൻ | 01-04-2022 | 31-03-2023 |
| ഡോ.നിതീഷ് കെ.വി | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2022 | 31-03-2023 |
| സഖി എൽ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ഷീബ സി.കെ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| മഞ്ജുള മനോഹരൻ | ഹെഡ്മിസ്ട്രസ് | 01-04-2022 | 31-03-2023 |
| റുബീന സി.എം | കൃഷി ഓഫീസർ | 01-04-2022 | 01-08-2022 |
| സചന.പി.സി. | കൃഷി ഓഫീസർ | 02-08-2022 | 31-03-2023 |
| മഞ്ജു പി.എം | വി ഇ ഒ (എടത്തിരുത്തി സർക്കിൾ) | 01-04-2022 | 31-03-2023 |
| മഞ്ജു പി.എം | വി ഇ ഒ (ഇൻചാർജ്) (ചെന്ത്രാപ്പിന്നി സർക്കിൾ) | 01-04-2022 | 15-05-2022 |
| മുരളി .വി.പി. | വി ഇ ഒ (ചെന്ത്രാപ്പിന്നി സർക്കിൾ) | 16-05-2022 | 01-08-2022 |
| രാധിക സി.ബി | വി ഇ ഒ (ചെന്ത്രാപ്പിന്നി സർക്കിൾ) | 02-08-2022 | 31-03-2023 |
| അൻസിൽ.പി.എം. | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2022 | 09-05-2022 |
| ചിപ്പി ഖാദർ | ഫിഷറീസ് ഇൻസ്പെക്ടർ | 10-05-2022 | 01-12-2022 |
| ഫാത്തിമ. പി.എ. | ഫിഷറീസ് ഇൻസ്പെക്ടർ | 02-12-2022 | 31-03-2023 |
| അതുല്യ .വി.എസ്. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus) കണക്കാക്കിയതിൽ വ്യത്യാസം | 1-1-3 |
| 5 | റെസ്റ്റോറേഷൻ പ്രവൃത്തി ചെയ്യുന്നതിന് വേണ്ടി മുൻകൂറായി ലഭിച്ച തുക തെറ്റായ ശീർഷകത്തിൽ വരവ് വെച്ചു | 1-1-4 |
| 6 | ചെക്ക് നിക്ഷേപിച്ചു-ബാങ്കിൽ ക്രെഡിറ്റ് ആയില്ല | 1-1-5 |
| 7 | CFC ഇനത്തിലെ ചെലവു തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | കർഷകതൊഴിലാളി,വികലാംഗ ക്ഷേമ പെൻഷൻ ഇനങ്ങളിലെ ചെലവു തുകകൾ വാർഷിക കണക്കിൽ ഒറ്റ ശീർഷകത്തിൽ ബുക്ക് ചെയ്തു | 1-1-7 |
| 9 | തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല | 1-1-8 |
| 10 | വസ്തു നികുതി -റെസിഡെൻഷ്യൽ–ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-1-9 |
| 11 | വസ്തു നികുതി -നോൺ റെസിഡെൻഷ്യൽ(തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-1-10 |
| 12 | ലൈബ്രറി സെസ്സ് - ഡിമാന്റ് കുറവ് ചെയ്തതിൽ വ്യത്യാസം | 1-1-11 |
| 13 | വസ്തു നികുതി - സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ നടത്തുന്നില്ല | 1-1-12 |
| 14 | Prior Period -ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ സൂക്ഷിക്കുന്നില്ല | 1-1-13 |
| 15 | ജേണൽ മുഖേനയുള്ള രേഖപ്പെടുത്തലുകൾ–അനുബന്ധ രേഖകൾ സൂക്ഷിക്കുന്നില്ല | 1-1-14 |
| 16 | ലെഡ്ജർ ബാലൻസുകളും ബന്ധപ്പെട്ട രജിസ്റ്ററുകളും പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല | 1-1-15 |
| 17 | ഡിപ്രിസിയേഷൻ - അതാത് ആസ്തികളുടെ ശീർഷകങ്ങളുടെയോ ആസ്തികളുടെ ഗണത്തിനനുസരിച്ചോ (Block Of Assets) പുനക്രമീകരിച്ചിട്ടില്ല | 1-1-16 |
| 18 | ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകളും അവ നിക്ഷേപിച്ച ബാങ്ക് അക്കൗണ്ടുകളുടെ നീക്കിയിരിപ്പ് തുകകളും പൊരുത്തപ്പെടുന്നില്ല | 1-1-17 |
| 19 | പ്രവൃത്തികളുടെ ചെലവ് തുക തെറ്റായി റവന്യൂ ചെലവായി രേഖപ്പെടുത്തി | 1-1-18 |
| 20 | ബജറ്റ് | 1-2 |
| 21 | ഫണ്ട് വിനിയോഗം | 1-3 |
| 22 | പദ്ധതി അവലോകനം | 1-4 |
| 23 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 24 | ക്ഷേമ പെൻഷനുകൾ | 1-6 |
| 25 | ക്യാഷ് പരിശോധന | 1-7 |
| 26 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-8 |
| 27 | നികുതി – നികുതിയേതര വരുമാനങ്ങൾ -അവലോകനം | 1-9 |
| 28 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-10 |
| 29 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-11 |
| 30 | ലൈസൻസ് - അപാകതകൾ | 1-12 |
| 31 | വസ്തുനികുതി-അപാകങ്ങൾ | 1-13 |

| | | |
|---|---|---|
| 32 | വസ്തു നികുതി - കുറഞ്ഞ നിരക്കിലുള്ള ഉപയോഗക്രമത്തിൽ നിശ്ചയിച്ചു | 1-14 |
| 33 | റെസ്റ്റോറേഷൻ ചാർജ് ഫോർ റോഡ് കട്ടിംഗ് ഇനത്തിൽ തുക അടവാക്കിയത് സംബന്ധിച്ച തുടർ നടപടികൾ അറിയിക്കേണ്ടതാണ് | 1-15 |
| 34 | പൂർത്തീകരണ /വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല- | 1-16 |
| 35 | പട്ടികജാതി പെൺകുട്ടികൾക്കുള്ള വിവാഹധനസഹായം - രേഖകൾ ഹാജരാക്കിയില്ല- ചെലവുതുക 75000/-തടസ്സപ്പെടുത്തുന്നു - | 1-17 |
| 36 | പ്രത്യേക കന്നുകുട്ടിപരിപാലനം-വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ് - | 1-18 |
| 37 | അഡ്വാൻസ് നൽകിയ തുകകൾ ധനവിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കി ക്രമീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-19 |
| 38 | പ്രത്യേക ഗ്രാന്റുകൾ–വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്. | 1-20 |
| 39 | വിനിയോഗിക്കാത്ത ഗ്രാന്റിന്റെ തിരിച്ചടവ് വിവരം ലഭ്യമാക്കേണ്ടതാണ് | 1-21 |
| 40 | ഭവന നിർമാണം പൂർത്തീകരിച്ചതിന്റെ വിവരം അറിയിക്കേണ്ടതാണ് | 1-22 |
| 41 | ഹോമിയോ മരുന്നുകൾ ലഭ്യമാക്കേണ്ടതാണ് | 1-23 |
| 42 | സർക്കാർ ഉത്തരവുകൾക്ക് വിധേയമായി പർച്ചേസുകൾ ചെയ്യേണ്ടതാണ് | 1-24 |
| 43 | തുക ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-25 |
| 44 | സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിക്ക് വിഹിതം നൽകൽ–മാർഗ്ഗരേഖക്ക് വിരുദ്ധം- 50000/-രൂപ തടസ്സപ്പെടുത്തുന്നു. | 1-26 |
| 45 | ഡെപ്പോസിറ്റ് വർക്ക് -തനത് ഫണ്ട്-വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല. | 1-27 |
| 46 | അമൃതം ഫുഡ് സപ്ലിമെന്റ് - ഉത്പന്ന വിതരണക്കാരിൽ നിന്നും ജിഎസ്റ്റി ടിഡിഎസ് ഈടാക്കിയില്ല | 1-28 |
| 47 | കോക്ലിയർ ഇംപ്ലാന്റ് മെയിന്റനൻസ് - സാമൂഹ്യ സുരക്ഷാ മിഷന് തുക കൈമാറൽ - ഉപകരണങ്ങൾ ഗുണഭോക്താവിന് ലഭ്യമാക്കിയിട്ടില്ല. | 1-29 |
| 48 | ഉപ്പ് ബണ്ട് നർമ്മാണം-കരാറുകാരന്റെ ലാഭം ഉൾപ്പെടുത്തി കൺവീനർക്ക് തുക നൽകി | 1-30 |
| 49 | റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ - പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. | 1-31 |
| 50 | കരാർ വെക്കാൻ വൈകിയതിന് പിഴ ഈടാക്കിയിട്ടില്ല. | 1-32 |
| 51 | പ്രവൃത്തി വൈകി പൂർത്തീകരിച്ചതിന് പിഴ ഈടാക്കിയിട്ടില്ല. | 1-33 |
| 52 | തൻവർഷം എഗ്രിമെന്റ് വെച്ച പ്രവൃത്തികൾ നാളിതു വരെ ആരംഭിച്ചിട്ടില്ല | 1-34 |
| 53 | നേതാജി റോഡിൽ കാന നിർമ്മാണം-സെലക്ഷൻ നോട്ടീസ് നൽകുന്നതിന് മുമ്പ് എഗ്രിമെന്റ് വെച്ചു | 1-35 |
| 54 | മരാമത്ത് പ്രവൃത്തി -പൊതു അപാകതകൾ | 1-36 |
| 55 | അടുക്കളമുറ്റത്തെ കോഴിവളർത്തൽപദ്ധതി-ജനറൽ(വനിത)- വിതരണരേഖകൾ ഹാജരാക്കിയിട്ടില്ല -ചെലവുതുക 4,200/- തടസ്സപ്പെടുത്തുന്നു | 1-37 |
| 56 | പുതിയ പഞ്ചായത്ത് ഓഫീസ് കെട്ടിടം - നാളിതുവരെയായി പ്രവൃത്തി പൂർത്തിയായില്ല - | 1-38 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | ഉപ്പ് ബണ്ട് നർമ്മാണം-കരാറുകാരന്റെ ലാഭം ഉൾപ്പെടുത്തി കൺവീനർക്ക് തുക നൽകി | 3-1 |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് തൻവർഷം നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |

| | | |
|---|---|---|
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷികകണക്കുകളുടെ സംക്ഷിപ്തം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 30-06-2023 തീയതിയിലെ 4/1-ാം നം. കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 21-07-2023 തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള എടത്തിരുത്തി ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii)C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, എടത്തിരുത്തി ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം: തൃശ്ശൂർ**

**തീയതി: 23.12.2023**

**ഡെപ്യൂട്ടി ഡയറക്ടർ**

#### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

#### 1-1-2 കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 74654224 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 3756498 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

## 1-1-3 Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus) കണക്കാക്കിയതിൽ വ്യത്യാസം

Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus) കണക്കാക്കിയതിന്റെ വിവരങ്ങൾ

| | | |
|---|---|---|
| പഞ്ചായത്തിന്റെ ആകെ വരുമാനം (A) | | 214904243 |
| ആകെ ചെലവ് (B) | | 154859257 |
| മിച്ചം തുക C= A-B | | 60044986 |
| Prior Period Income | -193372 | |
| Prior Period Expenditure | 300000 | |
| Net Difference Between Prior Period Income And Expenses ( D ) | | -493372 |
| Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മി ച്ച തുക (E) =C+D | | 59551614 |

Net Difference Between Prior Period Income And Expenses കണക്കാക്കിയതിൽ വ്യത്യാസം വന്നിട്ടുണ്ട്. (-193372-300000)എന്നതിനു പകരം (193372 - 300000) എന്ന് കണക്കാക്കി. അപ്രകാരം ലഭിച്ച തുക -106628 രൂപ 60044986 നോട് കൂടി കൂട്ടിയപ്പോൾ ലഭിച്ച തുക - 59938358രൂപയാണ് Income And Expenditure Account ൽ മിച്ച തുകയായി ചേർത്തിട്ടുള്ളത്. എന്നാൽ 31/3/23 ലെ ബാലൻസ് ഷീറ്റിലെ Excess Of Income Over Expenditure എന്ന ശീർഷകത്തിലെ തുക കണക്കാക്കിയതിൽ വ്യത്യാസം വന്നിട്ടില്ല.

| | |
|---|---|
| 31/3/22 ബാലൻസ്ഷീറ്റ് പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലെ നീക്കിയിരിപ്പ് | 9207524 |
| കൂട്ടുക-Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മിച്ച തുക (E) =C+D | 59551614 |
| 31/3/23 ലെ ബാലൻസ്ഷീറ്റ് പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിൽ വരേണ്ട നീക്കിയിരിപ്പ് | 68759138 |

## 1-1-4 റെസ്റ്റോറേഷൻ പ്രവൃത്തി ചെയ്യുന്നതിന് വേണ്ടി മുൻകൂറായി ലഭിച്ച തുക തെറ്റായ ശീർഷകത്തിൽ വരവ് വെച്ചു

A) 2022-23 സാമ്പത്തിക വർഷത്തിൽ റെസ്റ്റോറേഷൻ ചാർജ് ഫോർ റോഡ് കട്ടിംഗ് ഇനത്തിൽ കേരള വാട്ടർ അതോറിറ്റിയിൽ നിന്നും 15,30,43,141/- രൂപയും M/s ജിയോ ഡിജിറ്റൽ ഫൈബർ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും 2700162/- രൂപയും ഡിമാന്റ് ചെയ്തതിൽ, കേരള വാട്ടർ അതോറിറ്റിയിൽ നിന്നും 66055657/- രൂപയും (രശീതി നം. 1220307317/30.03.2023) M/s ജിയോ ഡിജിറ്റൽ ഫൈബർ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും 2700162/- രൂപയും (രശീതി നം. 1220000681/31.03.2023) ലഭിച്ചിട്ടുണ്ട്.

ടി തുകകൾ 140500209 – Restoration Charges For Road Cutting എന്ന ശീർഷകത്തിലാണ് ബുക്ക് ചെയ്തിട്ടുള്ളത്.

മേൽ തുകകൾ അറ്റകുറ്റ പണികൾ നടത്തി റോഡുകൾ പൂർവ്വസ്ഥിതിയിലാക്കാനുള്ള ചെലവ് നേരിടുന്നതിന് വേണ്ടി ലഭിക്കുന്ന തുകയായതിനാൽ '3' ൽ തുടങ്ങുന്ന ബാധ്യതാ ശീർഷകത്തിൽ വരവ് വെയ്ക്കേണ്ടതും, ടി തുക ഉപയോഗിച്ച് പ്രവൃത്തി പൂർത്തീകരിക്കുന്ന/ചെലവ് വരുന്ന മുറയ്ക്ക് മാത്രം ബാധ്യതാ ശീർഷകത്തിൽ നിന്നും കുറച്ച് , വരുമാനമായി ക്രമീകരിക്കേണ്ടതുമാണ്. എന്നാൽ മൊത്തം തുക വരുമാനമായി കാണിച്ചതിനാൽ പഞ്ചായത്തിന്റെ ഇൻകം & എക്സ്പെന്റിച്ചർ പത്രികയിൽ കൂടുതൽ വരുമാനം കാണിക്കപ്പെടുന്നതിനും Excess Of Income Over Expenditure കൂടുതൽ രേഖപ്പെടുത്തുന്നതിനും കാരണമാകുന്നു.

B) ജലജീവൻ മിഷൻ പ്രവൃത്തികളുടെ ഭാഗമായി പഞ്ചായത്തിലെ വിവിധ റോഡുകളുടെ പുനർ നിർമ്മാണവുമായി ബന്ധപ്പെട്ട് 31.03.2023 വരെയുള്ള ഡിമാന്റ് നോട്ടുകളിൽ നിന്നായി 15,30,43,141/- രൂപ ഡിമാന്റ് ചെയ്തതിൽ 66055657/- രൂപ മാത്രമാണ് പ്രസ്തുത കാലയളവിൽ അടവാക്കിയിട്ടുള്ളത്.
ബാക്കി ലഭിക്കാനുള്ള തുക തൻവർഷം ഡിമാന്റ് ചെയ്തതാകയാൽ ടി തുക '4' ൽ തുടങ്ങുന്ന 'Sundry Debtors(Receivable) ശീർഷകത്തിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 1-1-5 ചെക്ക് നിക്ഷേപിച്ചു-ബാങ്കിൽ ക്രെഡിറ്റ് ആയില്ല

ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം E- Payment Account ൽ (Account No-. 34324810788) 1500/- രൂപ (രശീതി നം. 12018090053/ 12.11.2020) “Cheques Deposited But Not Credited” ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ബാങ്കുമായി ബന്ധപ്പെട്ട് തുക ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്നതിന് കാരണം പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 1-1-6 CFC ഇനത്തിലെ ചെലവു തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല

CFC – Untied ഇനത്തിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം 1866472/- രൂപയും വാർഷിക കണക്ക് പ്രകാരം 522788 + 1387258 = 1910046/-രൂപയുമാണ്. CFC – Tied ഇനത്തിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം 4496754/- രൂപയും വാർഷിക കണക്ക് പ്രകാരം 553757 + 197307 + 3733924 = 4484988/- രൂപയുമാണ് ചെലവ്. വ്യത്യാസത്തിന്റെ കാരണം അറിയിക്കാൻ ഓഡിറ്റ് എൻക്വയറി (നം. 3/13.11.2023) നൽകിയതിന്, പ്രൊജക്ട് ബില്ലുകളിലെ 2021-22, 2022-23 വർഷങ്ങളിലെ ജി.എസ്.ടി, ഇൻകംടാക്സ് ഇനത്തിലുള്ള ഡിഡക്ഷൻസ് അടവാക്കിയപ്പോഴുള്ള വ്യത്യാസമാണെന്നാണ് അറിയിച്ചത്.

## 1-1-7 കർഷകതൊഴിലാളി,വികലാംഗ ക്ഷേമ പെൻഷൻ ഇനങ്ങളിലെ ചെലവു തുകകൾ വാർഷിക കണക്കിൽ ഒറ്റ ശീർഷകത്തിൽ ബുക്ക് ചെയ്തു

കർഷകതൊഴിലാളി പെൻഷൻ ഇനത്തിലെ ചെലവു തുകയായ 2665600/- രൂപയും വികലാംഗ പെൻഷൻ ഇനത്തിലെ ചെലവു തുകയായ 3675600/- രൂപയുടെയും ചെലവു തുകകൾ ഒരുമിച്ച് 160100746 -State Sponsored Schemes-pension For Physically Challenged /Mentally Challenged- എന്ന ശീർഷകത്തിലാണ് ചേർത്തിട്ടുള്ളത്. എന്നാൽ എക്സ്പെന്റിച്ചർ ശീർഷകത്തിൽ ചെലവുകൾ കൃത്യമായി ചേർത്തിട്ടുണ്ട്.

## 1-1-8 തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല

താഴെ ചേർത്തിരിക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ " 460500204-Advance To Implementing Agencies” എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ഏജൻസിയിൽനിന്നും വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് മാത്രം അതാത് ചെലവ് ,ആസ്തി ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ചെയ്യുന്നതിന് പകരം , മുൻകൂർ നൽകുമ്പോൾ തന്നെ ബന്ധപ്പെട്ട ചെലവ് ,ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതായി കാണുന്നു. മാത്രമല്ല മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുമില്ല. ഇപ്രകാരം ചെയ്യുന്നതിനാൽ മുൻകൂർ തുകകളുടെ വിനിയോഗം നിരീക്ഷിക്കാൻ കഴിയാതെ വരുന്നു. ഇപ്രകാരം രേഖപ്പെടുത്തലുകൾ വരുത്തിയതിനുള്ള ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | പ്രോജക്റ്റ് | ഡെപ്പോസിറ്റ് | വൗച്ചർ നം. | ചെലവ് | ചെലവ് |
|---|---|---|---|---|---|

| | | തുക | / തീയതി | രേഖപ്പെടുത്തിയ ശീർഷകം | രേഖപ്പെടുത്തേണ്ടിയിരുന്ന ശീർഷകം |
|---|---|---|---|---|---|
| 1 | 2/23 സ്ട്രീറ്റ് മെയിൻ വലിക്കൽ | 9516 (ധനകാര്യ കമ്മീഷൻ അവാർഡ്) | 42200793/ 22.02.2023 | 415100003-Streetlights-Streelights | 460500202-Advance To Implementing Agencies-Deposit With KSEB |

മേൽ സൂചിപ്പിച്ച അപാകത പരിഹരിച്ചതിന്റെ വിവരം അറിയിക്കേണ്ടതാണ്.

## 1-1-9 വസ്തു നികുതി -റെസിഡെൻഷ്യൽ-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ"ൽ ഡിമാന്റ് ആയി ചേർക്കുന്നത്.വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂൾ" ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്,കളക്ഷൻ,നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ" -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും , ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

(A)റെസിഡൻഷ്യൽ(തൻവർഷം)

| | മുൻകൂർ ക്രമീകരിച്ചത് |
|---|---|
| ഡിസിബി തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 9549 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 10257<br>( 350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) |

"സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

(B)റെസിഡൻഷ്യൽ(കുടിശ്ശിക)

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| ഡിസിബി തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 15902 | 9058 | 6850 |

| | | | |
|---|---|---|---|
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *13592 | 9058 | **6690 |
| | * 13301 + 971= 14272/105 *100= 13592( 2021-22 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-45) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (7024X 100/105)=6690 |

സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല. സഞ്ചയയിൽ നിന്ന് വ്യക്തമായ ഡി.സി.ബി. ലഭ്യമാകാത്തതും ബുക്ക് അഡ്ജസ്റ്റ്മെന്റ് സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാകാത്തതുമാണ് മേൽ വ്യത്യാസത്തിന് കാരണമായി ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയത്.
(ഓഡിറ്റ് എൻക്വയറി 3/13.11.2023)

## 1-1-10 വസ്തു നികുതി -നോൺ റെസിഡെൻഷ്യൽ(തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

നോൺ റെസിഡൻഷ്യൽ(തൻവർഷം)

| | മുൻകുർ ക്രമീകരിച്ചത് |
|---|---|
| ഡിസിബി തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2745 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2825 |
| | ( 350410104-Advance Collection-PT On Non Res. Bldg-ന്റെ ലെഡ്ജർ) |

"സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.
സഞ്ചയയിൽ നിന്ന് വ്യക്തമായ ഡി.സി.ബി. ലഭ്യമാകാത്തതും ബുക്ക് അഡ്ജസ്റ്റ്മെന്റ് സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാകാത്തതുമാണ് മേൽ വ്യത്യാസത്തിന് കാരണമായി ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയത്.
(ഓഡിറ്റ് എൻക്വയറി 3/13.11.2023)

## 1-1-11 ലൈബ്രറി സെസ്സ് - ഡിമാന്റ് കുറവ് ചെയ്തതിൽ വ്യത്യാസം

തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരവും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരവും 269323 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന "431910101 State Govt Cesses/levies In Property Tax Control Account" എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്.എന്നാൽ മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് 270056 രൂപയാണ്.

**1-1-12 വസ്തു നികുതി - സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ നടത്തുന്നില്ല**

1/4/2022ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2022-23 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള,അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്,അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ,ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2022-23 വർഷത്തിൽ എടത്തിരുത്തി ഗ്രാമപഞ്ചായത്തിൽ 96 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2022-23 ലെ "110100101-Property Tax On Residential Buiding"എന്ന ശീർഷകത്തിലേയും "110100102-Property Tax On Non Residential Buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒരു തവണയായി 31/3/23 ൽ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ ,എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു.ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും ,ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

**1-1-13 Prior Period -ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ സൂക്ഷിക്കുന്നില്ല**

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്(ഐ-18, ഐ-19) പ്രകാരം "290000000-Prior Period Income" ,"190000000-Prior Period Expenditure "എന്ന ഷെഡ്യൂളുകളിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും ,വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും ,തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ,രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ ,ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് ,ഷെഡ്യൂൾ I-18, I-19) | 31/3/2023ലെ ലെഡ്ജർ ബാക്കി |
|---|---|
| 290800201- Prior Period Expense – Administrative Expeneses | 300,000 |
| 190100101-Prior Period Income-Property Tax | 2993 |
| 190200401-Prior Period Income-Other Income | -228115 |

**1-1-14 ജേണൽ മുഖേനയുള്ള രേഖപെടുത്തലുകൾ-അനുബന്ധ രേഖകൾ സൂക്ഷിക്കുന്നില്ല**

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ

സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്,ബാക്കി,മുൻകൂർ,കുടിശ്ശിക ഡിമാന്റ്,കുടിശ്ശിക പിരിവ്,കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും,ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും,മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-1-15 ലെഡ്ജർ ബാലൻസുകളും ബന്ധപ്പെട്ട രജിസ്റ്ററുകളും പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി ,വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി,സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം58(2)(ഇ),(ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല.ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (വ്യാപാരികൾ)

3. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

4. ലേലം രജിസ്റ്റർ

5. വാടക ഡിമാന്റ് രജിസ്റ്റർ

6. ഫാക്ടറി- വ്യാപാര ലൈസൻസ് രജിസ്റ്റർ

7. വിനോദ നികുതി രജിസ്റ്റർ (എഴുതി സൂക്ഷിക്കുന്നില്ല)

## 1-1-16 ഡിപ്രിസിയേഷൻ - അതാത് ആസ്തികളുടെ ശീർഷകങ്ങളുടെയോ ആസ്തികളുടെ ഗണത്തിനനുസരിച്ചോ (Block Of Assets) പുനക്രമീകരിച്ചിട്ടില്ല

"സാംഖ്യ" സോഫ്റ്റ്‌വെയറിൽ നിന്നും ILGMS സോഫ്റ്റ്‌വെയറിലെ ഫിനാൻസ് മൊഡ്യൂളിലേയ്ക്ക് മാറിയപ്പോൾ ആസ്തികൾ ഉൾപ്പെടെയുള്ളവയുടെ ശീർഷകങ്ങൾ വിഭജിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ആസ്തികളുടെ ഡിപ്രിസിയേഷൻ ,അക്യുമുലേറ്റഡ് ഡിപ്രിസിയേഷൻ ശീർഷകങ്ങൾ മേൽ രീതിയിൽ വിഭജിക്കപ്പെട്ട ശീർഷകങ്ങൾക്കനുസരിച്ചോ ആസ്തികളുടെ സ്വഭാവം അനുസരിച്ചുള്ള ഗണത്തിനനുസരിച്ചോ പുനക്രമീകരിക്കാത്തതിനാൽ ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.

## 1-1-17 ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകളും അവ നിക്ഷേപിച്ച ബാങ്ക് അക്കൗണ്ടുകളുടെ നീക്കിയിരിപ്പ് തുകകളും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃ വിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/23 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ 31/3/23 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. ഇപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു.

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | | | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17 | | |
|---|---|---|---|---|---|---|
| ക്രമനമ്പർ | ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് അക്കൌണ്ട് | തുക |
| 1 | 320200104 | Development Fund – | 2446862 | 450210101 | Federal Bank PFMS | 5154534 |

| | | | | | | |
|---|---|---|---|---|---|---|
| | | Central Finance Commission Grant – Basic Tax Grant | | | (12580100166195) | |
| 2 | 320200113 | Development Fund – Central Finance Commission Grant – Tied Fund | 2591590 | | | |
| 3 | 320100196 | Integrated Child Development Scheme | 1319843 | 450210101 | Canara Bank(ICDS) | 1431786 |
| 4 | 320700104 | **Contributions For Joint Venture Projects (For Capital Expenditure) – From Block Panchayats** | 500721 | 450210201 | **Treasury Account Of Joint Venture Projects** | 0(റിസംപ്ഷൻ തുക 803337/-രൂപ കണക്കിലെടുത്താലും പൊരുത്തപ്പെടുന്നില്ല) |
| 5 | 320700204 | **Contributions For Joint Venture Projects (For Revenue Expenditure) – From Block Panchayats** | 296995 | | | |

**1-1-18 പ്രവൃത്തികളുടെ ചെലവ് തുക തെറ്റായി റവന്യൂ ചെലവായി രേഖപ്പെടുത്തി**

താഴെ ചേർക്കുന്ന പ്രോജക്റ്റുകളിൽ പ്രവൃത്തികളുടെ ചെലവ് തുക തെറ്റായി റവന്യൂ ചെലവായി രേഖപ്പെടുത്തിയതിനാൽ തത്തുല്യ തുകകളുള്ള ആസ്തികൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്ടിന്റെ നമ്പർ/പേര് | വിശദാംശങ്ങൾ | നൽകിയ തുക / ട്രഷറി ബിൽ നം | ചെലവ് രേഖപ്പെടുത്തിയ ശീർഷകം |
|---|---|---|---|---|
| 1 | 49/23 – കൈസാബ് റോഡിൽ കാന | 30.01.2023 ൽ പ്രവൃത്തി പൂർത്തീകരിച്ച്, | 424387/-(20 /31.01.2023) 50546/-(24 | **2521130902 – Liquid Waste Management –** |

| | | | | |
|---|---|---|---|---|
| | നിർമാണം (പുതിയ നിർമ്മാണം) | | /07.01.2023) ആകെ 474933/- ( ഫണ്ടിനം - മെയിന്റനൻസ് ഫണ്ട്-റോഡ്) | **Collection And Transportation** |
| 2 | 224/23 – ബാലബോധിനി റോഡ് കാന നിർമാണം (പുതിയ നിർമ്മാണം) | | 521859/- ( ഫണ്ടിനം - ജില്ലാ പഞ്ചായത്ത് വിഹിതം) | 2521130902 – Liquid Waste Management – Collection And Transportation |

മേൽ പ്രവൃത്തികളിലെ ചെലവുകൾ ഉചിതമായ ആസ്തി ശീർഷകത്തിൽ ഉൾപ്പെടുത്തേണ്ടതും തത്തുല്യമായ മൂല്യം " Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർക്കേണ്ടതുമാണ്.

## 1-2 ബജറ്റ്

| | | |
|---|---|---|
| പാസ്സാക്കിയ തീയതി | 24.03.2022 | |
| കമ്മിറ്റി തീരുമാനം | 1-ാം നമ്പർ തീരുമാനം | |
| പ്രതീക്ഷിത വരവ് , ചെലവ് എന്നിവ | വരവ് | ചെലവ് |
| | 239966574 | 235967000 |
| **റിവൈസ്ഡ് ബജറ്റ് (2022-23)** | | |
| പാസ്സാക്കിയ തീയതി | 21/03/2023 | |
| കമ്മിറ്റി തീരുമാനം റിവൈസ്ഡ് ബജറ്റ് | 1-ാം നമ്പർ തീരുമാനം | |
| കമ്മിറ്റി തീരുമാനം | 1-ാം നമ്പർ തീരുമാനം | |
| പ്രതീക്ഷിത വരവ് , ചെലവ് എന്നിവ | വരവ് | ചെലവ് |
| | 254395983 | 243897473 |

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്*/ ലാപ്സായ തുക** |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 18975000 | 18975000 | 15736325 | 3238675** |
| വികസന ഫണ്ട്-എസ്.സി.പി | 0 | 11414000 | 11414000 | 9918357 | 1495643** |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 0 | 0 | 00 | 0 |
| മെയിന്റനൻസ്, റോഡ് | 0 | 15990000 | 15990000 | 3914347 | 12075653** |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 5570000 | 5570000 | 5504725 | 65275** |
| CFC Tied Bank | 1929271 | 4950000 | 6879271 | 4287681 | 2591590* |
| CFC Tied Treasury | 0 | 1097936 | 1097936 | 197307 | 900629** |
| CFC Untied Bank | 818840 | 3300000<br>170786(interest) | 4289626 | 1842784 | 2446862* |
| CFC Untied Treasury | 0 | 125376 | 125376 | 67282 | 58094** |
| TSC | 812799 | 0 | 812799 | 0 | 812799* |
| ICDS | 1221783 | 1198060 | 2419843 | 1100000 | 1319843* |
| M P FUND | - | - | - | - | - |
| നിർമ്മൽ പുരസ്കാരം | 619 | 0 | 619 | 0 | 619* |
| BIODIVERSITY | 300000 | - | 300000 | - | 300000* |
| SUCHITWA MISSION | 3053330 | - | 3053330 | 110000 | 2943330* |
| Ayurvedam<br>LIFE MISSION | -<br>158697 | 801303 | 960000 | 960000 | - |
| MLA Fund | - | 1517135 | 1517135 | 1517135 | - |
| Other Grants ( Includes Vimukthi) | 55474 | 0 | 55474 | 0 | 55474* |
| LIBRARY GRANT | - | 15580 | 15580 | 15580 | 0 |

കുറിപ്പുകൾ

1) സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസന ഫണ്ട്-ജനറൽ, വികസന ഫണ്ട്-എസ്.സി.പി. എന്നീയിനങ്ങളിൽ ലഭിച്ച വരവുകളിൽ അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം, ലൈഫ് മിഷൻ വായ്പാ തിരിച്ചടവ് എന്നീയിനങ്ങളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുക ഉൾപ്പെടുന്നില്ല. എന്നാൽ പ്രസ്തുത ഫണ്ടുകളുടെ ചെലവുകളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ ഉൾപ്പെടുന്നുമുണ്ട്. ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ കൂടി ഉൾപ്പെടുത്തിയാണ് മേൽ പട്ടികയിൽ വരവുകളും ചെലവുകളും രേഖപ്പെടുത്തിയിരിക്കുന്നത്. ദീർഘകാലമായി ചെലവഴിക്കാതെ കിടക്കുന്ന ഫണ്ടുകൾ ആവശ്യമില്ലാത്തപക്ഷം തിരിച്ചടക്കേണ്ടതാണ്.

2) സി.എഫ്.സി ഗ്രാന്റിന്റെ ചെലവുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. അപാകത ഖ.1-1-6 ൽ സൂചിപ്പിച്ചിട്ടുണ്ട്.

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | **നടപ്പാക്കിയ പദ്ധതിത്തുകയുടെ ശതമാനം** | **നടപ്പാക്കിയപ്രോജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം** |
|---|---|---|---|---|---|
| 193 | 110570399 | 132 | 53295417 | 48.2 | 68 |

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 1037517 | 1037517 | 512648 | 524869 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 22456290 | 22456290 | 22456290 | 0 |
| ആസ്തി സൃഷ്ടിച്ചത് | 0 | 3921706 | 3921706 | 3921706 | 0 |
| ആകെ | 0 | 27415513 | 27415513 | 26890644 | 524869 |

## 1-6 ക്ഷേമ പെൻഷനുകൾ

| പദ്ധതിയുടെ പേര് | ചെലവു തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 11280 | 16 |
| കർഷകതൊഴിലാളി പെൻഷൻ | 2665600 | 219 |
| വിധവാ പെൻഷൻ | 16076600 | 1497 |
| വാർദ്ധക്യകാല പെൻഷൻ | 30308200 | 2813 |
| വികലാംഗപെൻഷൻ | 3675600 | 331 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1038200 | 91 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 30000 | 1 |

## 1-7 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.11.2023 തീയതിയിൽ 03PM ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥനായ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 45467/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണ സംവിധാനം

ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ ഈ റിപ്പോർട്ടിലെ ഭാഗം 1-ലെ വിവിധ ഖണ്ഡികകളിലായി ചേർത്തിട്ടുണ്ട്.

## 1-9 നികുതി – നികുതിയേതര വരുമാനങ്ങൾ –അവലോകനം

എടത്തിരുത്തി ഗ്രാമപഞ്ചായത്തിന്റെ ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി മിനിട്ട്സ് പരിശോധനയിൽ പുതിയ തനതു വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും തന്നെ അവതരിപ്പിച്ചിട്ടില്ല. തനത് വരുമാന കുടിശ്ശിക നിവാരണത്തിനായി നികുതി പിരിവ് കളക്ഷൻ ക്യാമ്പ്, നോട്ടീസ് പ്രചാരണം എന്നിവ 2022-23 സാമ്പത്തിക വർഷം നടപ്പിലാക്കിയിട്ടുണ്ട്. വാർഷിക കണക്ക് പ്രകാരം നിലവിൽ, തൻവർഷവും മുൻ വർഷങ്ങളിലുമായി പഞ്ചായത്തിന് ലഭിക്കേണ്ടുന്നതായ വസ്തു നികുതി വരുമാനത്തിൽ 67,381/- രൂപയുടെ കുടിശ്ശിക നിലനിൽക്കുന്നു. കുടിശ്ശിക നിവാരണത്തിന് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

നികുതി വരുമാനത്തിന്റെ ഡിസിബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി മൂന്നുമാസത്തിലൊരിക്കൽ ഭരണസമിതി

യോഗത്തിൽ സമർപ്പിക്കുകയും ഭരണസമിതി പ്രസ്തുത റിപ്പോർട്ട് ചർച്ച ചെയ്ത് വരുന്നുമുണ്ട് . നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനങ്ങൾ മൂന്നുമാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും വായിച്ച് അവതരിപ്പിക്കാറുണ്ട്. നികുതി-നികുതിയേതര വരവിനങ്ങൾ സാമ്പത്തിക വർഷാവസാനത്തിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്നില്ലെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പു വരുത്തേണ്ടതാണ്.

തനത് വരുമാനത്തിലെ കുടിശിക നിവാരണത്തിനായി കഴിഞ്ഞ രണ്ട് വർഷത്തെ നികുതി നികുതിയേതര വരുമാനങ്ങളുടെ വർദ്ധനവ് താഴെ ചേർക്കും പ്രകാരമാണ്.

| ഇനം | 2021-22 | 2022-23 | വർദ്ധനവ് ( % ) | |
|---|---|---|---|---|
| വസ്തുനികുതി റെസിഡൻഷ്യൽ | 3325991 | 3412064 | 2.59 | 96 കെട്ടിടങ്ങൾ 2022-23 ൽ അസ്സസ് ചെയ്തു. |
| വസ്തുനികുതി നോൺ റെസിഡൻഷ്യൽ | 1794879 | 1917946 | 6.86 | |
| തൊഴിൽ നികുതി- സ്ഥാപനങ്ങൾ, ട്രേഡേഴ്സ് | 480350 | 607830 | 26.54 | |
| തൊഴിൽ നികുതി - ജീവനക്കാർ | 1523906 | 1705440 | 11.91 | |
| വാടക | 10392 | 43644 | 319.98 | |
| വിനോദ നികുതി | 27729 | 175634 | 533.39 | |

ഡിമാന്റ് തുകയുമായി താരതമ്യം ചെയ്യുമ്പോൾ കളക്ഷൻ, ഡിമാന്റിലുള്ള വർദ്ധനവ് എന്നിവ തൃപ്തികരമാണ്. എന്നാൽ വസ്തുനികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീ എന്നിവയുടെ ഡിമാന്റ് തുക കണക്കാക്കുന്നതിലെ കൃത്യത ഉറപ്പാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ഭൂമിയുടെയും അതിന്റെ വിനിയോഗത്തേയും, കെട്ടിടങ്ങളേയും സംബന്ധിക്കുന്ന മാസ്റ്റർ ഡാറ്റാ ബേസ് ഇല്ലാത്തതാണ്. ആയതിനാൽ മുഴുവൻ നികുതി നികുതിയേതര വരുമാനങ്ങളുടെയും ഡിമാന്റ് പൂർണമായും നടത്തിയോ എന്ന പരിശോധന നടത്താൻ സ്ഥാപനത്തിനോ ഓഡിറ്റിനോ സാധിക്കുന്നില്ല.

**വസ്തുനികുതി**

കേരള സർക്കാർ തദ്ദേശസ്വയംഭരണ(ആർ.സി)വകുപ്പ് പുറപ്പെടുവിച്ച സ.ഉ (അച്ചടി) നം.25/2023 ത.സ്വ.ഭ.വ തീയതി 05.04.2023 വിജ്ഞാപന പ്രകാരം എടത്തിരുത്തി ഗ്രാമപഞ്ചായത്തിന്റെ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിന് വേണ്ടി ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ശുപാർശയോടെ ഒരു ചതുരശ്ര മീറ്റർ തറവിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്കുകൾ നിശ്ചയിച്ചത് 12.05.2023ലെ ഭരണസമിതി യോഗത്തിലെ 2 (1) തീരുമാന നമ്പർ പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

സർക്കാർ നിശ്ചയിച്ച പരിധിക്കുള്ളിൽ നിന്നുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സാമ്പത്തിക സ്ഥിതി മറ്റു പ്രത്യേകതകൾ എന്നിവ പരിഗണിച്ച് ഓരോ വിഭാഗത്തിന്റെയും അടിസ്ഥാന നിരക്ക് പുതുക്കി നിശ്ചയിച്ചതിന്റെ കരട് വിജ്ഞാപനം ചെയ്യുകയും ആക്ഷേപങ്ങൾ സ്വീകരിക്കുന്നതിനായി 2.05.2023ലെ ഭരണസമിതി യോഗത്തിലെ 2 (1) തീരുമാന നമ്പർ പ്രകാരം തീരുമാനം എടുക്കുകയും ചെയ്തിട്ടുണ്ട്. 2022-23 വസ്തു നികുതി പരിഷ്കരണത്തിന്റെ ഭാഗമായി ഉത്തരവുകൾക്ക് അനുസരിച്ച് നിലവിലുള്ള കെട്ടിടങ്ങൾക്ക് വസ്തു നികുതിയുടെ 5% വർദ്ധനവ് സംബന്ധിച്ച് സോഫ്റ്റ്‌വെയർ അപ്ഡേഷൻ നടത്തിയിട്ടുണ്ട്. പുതുക്കിയ നിരക്ക് നിലവിൽ വരുമ്പോൾ അധിക നികുതി അടയ്ക്കുന്നതാണെന്നുള്ള രേഖാമൂലമുള്ള ഉറപ്പിന്മേൽ നിലവിൽ പുതിയ കെട്ടിടങ്ങൾക്കും പഴയ നിരക്കിലാണ് നികുതി ഈടാക്കി വരുന്നത്. മുഴുവൻ കെട്ടിടങ്ങളുടേയും ഡാറ്റ പ്യൂരിഫിക്കേഷൻ നടത്തി ഡാറ്റ ലോക്ക് ചെയ്തിട്ടുമില്ല. റോഡ് മാപ്പ് തയ്യാറാക്കിയിട്ടില്ല. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും) സർചാർജ് ചട്ടങ്ങളിലെ ചട്ടം 7 നിർദ്ദേശിച്ചിട്ടുള്ള പ്രകാരം മേഖല സംബന്ധിച്ച വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. മേഖലകൾ സംബന്ധിച്ച വിവരം 25.01.2023 തിയതിയിൽ പ്രസിദ്ധീകരിച്ച അന്തിമ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിൽ പഞ്ചായത്തിലെ എല്ലാ വാർഡിലെയും പല റോഡുകൾക്കും കൃത്യമായ പേര്

നൽകിയിട്ടില്ല. റോഡുകൾ പലതും "മറ്റുള്ളവ" എന്ന കാറ്റഗറിയിൽ ഉൾപ്പെടുത്തിയാണ് വരുന്നത്. ആയതിനാൽ തന്നെ കൃത്യമായി പ്രദേശത്തെ മനസ്സിലാക്കുന്നതിനും മേഖലകൾ തിരിക്കുന്നതിനും അവലോകനം നടത്തുന്നതിനും കഴിയാതെ വരുന്നു. അതിനാൽ വസ്തുനികുതി പരിഷ്കരണം നടത്തുന്ന ഈ സാഹചര്യത്തിൽ മേഖല അടിസ്ഥാനത്തിൽ പഞ്ചായത്ത് പ്രദേശത്തെ തിരിച്ചിട്ടുള്ളതും റോഡുകളുടെ പേരുകളും അവ തരം തിരിച്ചിട്ടുള്ളതും പുനഃപരിശോധിക്കേണ്ടതാണ്. തുറസ്സായ സ്ഥലവും പാർക്കിംഗ് സ്ഥലവും കയ്യേറി നടത്തുന്ന അനധികൃത കെട്ടിട നിർമ്മാണങ്ങൾ ഫീൽഡ് സന്ദർശനം നടത്തി പരിശോധന നടത്തി വരുന്നുണ്ട്. അനധികൃത കെട്ടിടങ്ങളിൽ നിന്നും വസ്തുനികുതി കുടിശ്ശികയില്ല.

സേവന ഉപനികുതി

പഞ്ചായത്ത് നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള സേവന ഉപനികുതി ചുമത്തിയിട്ടില്ലാത്ത ഗ്രാമപഞ്ചായത്തുകൾക്ക് ചട്ടം 26 പ്രകാരം ഈടാക്കാവുന്ന സേവന ഉപനികുതി ചുമത്തേണ്ടതില്ല എന്ന മുൻ വർഷങ്ങളിലെ തീരുമാനം തുടർന്നു പോരുകയാണ് ചെയ്തിട്ടുള്ളത്. കേന്ദ്രസർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ നിലവിലില്ലാത്തതിനാൽ സർവീസ് ചാർജ് ഇനത്തിലും പഞ്ചായത്തിന് വരുമാനം ഇല്ല.

തൊഴിൽ നികുതി

പഞ്ചായത്ത് പരിധിയിൽ ചില സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിച്ചു വരുന്നുണ്ട്. ആയതിനാൽ തന്നെ ഇത്തരം സ്ഥാപനങ്ങളിൽ നിന്നുള്ള തൊഴിൽ നികുതി ഇനത്തിലും വരുമാനം നഷ്ടമാകുന്നുണ്ട്. ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് തടയുന്നതിനും സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ കൃത്യമായി ഡിമാൻഡ് ചെയ്ത് ഈടാക്കി പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വയംതൊഴിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിങ് പ്ലാനുകൾ തയ്യാറാക്കുന്ന എൻജിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ തുടങ്ങിയവർ സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി കൊടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റ ബേസ് സൂക്ഷിക്കുന്നില്ല. എന്നാൽ നികുതി അടവാക്കിയവരുടെ വിവരങ്ങൾ മാത്രം ഡിമാന്റ് രജിസ്റ്ററിൽ മേൽ പ്രകാരം വർഗീകരിച്ച് സൂക്ഷിച്ചിട്ടുണ്ട്. തൊഴിൽ നികുതി ഒടുക്കുവാൻ ബാദ്ധ്യസ്ഥരായവർക്ക് നോട്ടീസ് നല്കുകയും നികുതി ഈടാക്കുകയും ചെയ്യുന്നുണ്ട്.

വിനോദനികുതി

അമ്യൂസ്മെന്റ് പാർക്ക് , ടർഫ് കോർട്ട് , ഇൻഡോർ ക്ലബ്ബ് / സ്റ്റേഡിയം , നീന്തൽ കുളങ്ങൾ എന്നിവ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. പഞ്ചായത്ത് പരിധിയിലുള്ള സിനിമ തിയ്യറ്ററിൽ നിന്നും വിനോദ നികുതിയിനത്തിൽ വരുമാനം ലഭിക്കുന്നുണ്ട്. വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പുതിയ മാർഗ്ഗനിർദ്ദേശങ്ങളെ സംബന്ധിച്ച് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനങ്ങൾ എടുത്തതായി കാണുന്നില്ല.

നികുതിയേതര വരവുകൾ

(1) വ്യവസായങ്ങൾക്കും, ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ

ഗ്രാമപഞ്ചായത്തിൽ വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.പഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കി വരുന്നുണ്ടെങ്കിലും റേഷൻ കടകൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ, ക്ഷീര സഹകരണ സംഘങ്ങൾ, ഫാമുകൾ എന്നിവ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നുണ്ട്. ആയത് സംബന്ധിച്ച് ഖണ്ഡിക 1-12, 1-13 എന്നിവയിൽ പരാമർശിക്കുന്നുണ്ട്. കേരള പഞ്ചായത്ത് രാജ് (വ്യവസായങ്ങൾക്കും, ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും) ലൈസൻസ് നൽകൽ, ഭേദഗതി ചട്ടങ്ങൾ, 2017ലെ ചട്ടം 18, 21, 24 എന്നിവ പ്രകാരം പരിശോധന നടത്തിയിട്ടുണ്ട്. എല്ലാ വാണിജ്യ- വ്യാപാര സ്ഥാപനങ്ങളേയും ഉൾക്കൊള്ളിച്ചു കൊണ്ട് വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. ലൈസൻസ് എടുക്കാൻ ബാധ്യസ്ഥമായ സ്ഥാപനങ്ങളെ ലൈസൻസ് എടുപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(2) വാടക,ലേലം, ഫലവൃക്ഷങ്ങൾ എന്നിവയിൽ നിന്നുള്ള ആദായം സംബന്ധിച്ച പരിശോധന

ഗ്രാമപഞ്ചായത്തിന്റെ അധീനതയിൽ ഒരു ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികൾ വാടകയ്ക്ക് നൽകുന്നുണ്ട്. വാടക കൃത്യമായി ഈടാക്കി വരുന്നുണ്ട്. കാലഹരണപ്പെട്ട ആസ്തികൾ യഥാസമയം ലേലം ചെയ്യുന്നതു സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ട്. മരാമത്ത് പ്രവർത്തികൾ നടത്തിയത് മൂലം ലഭ്യമായ മണ്ണ് , പാഴ് വസ്തുക്കൾ എന്നിവ ലേലം

ചെയ്ത് മുതൽക്കൂട്ടിയത് പരിശോധിച്ചു. അസി.എഞ്ചിനീയർ വാല്യൂവേഷൻ നൽകിയിട്ടുള്ള മണ്ണിന്റെ ലേല നടപടികൾ നാളിതുവരെയായിട്ടും പൂർത്തീകരിച്ചിട്ടില്ല. ആയത് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ആംബുലൻസ്, കാർഷികയന്ത്രങ്ങൾ തുടങ്ങിയവയിൽ നിന്നും പഞ്ചായത്തിന് വാടകയില്ല.

ശിപാർശകൾ

വസ്തുനികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീ , ലേലം എന്നിവയുടെ ഡിമാന്റ് തുക കണക്കാക്കുന്നതിലെ കൃത്യത ഉറപ്പാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ഭൂമിയുടെയും അതിന്റെ വിനിയോഗത്തേയും ,കെട്ടിടങ്ങളേയും സംബന്ധിക്കുന്ന മാസ്റ്റർ ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിക്കാവുന്നതാണ്.

## 1-10 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ താമസിച്ചു കൊണ്ട് അതിന് വെളിയിലോ, ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ്സ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളും തൊഴിൽ നികുതി നല്കുവാൻ ബാധ്യസ്ഥരാണ് (കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204). ആയത് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ചുവടെ ചേർത്തിരിക്കുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

1) തൊഴിൽ നികുതി രജിസ്റ്ററും ലൈസൻസ് രജിസ്റ്ററും പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം. | |
|---|---|---|
| 1 | റേഷൻ കടകൾ | |
| 2 | ക്ഷീര സഹകരണ സംഘങ്ങൾ<br>1) എടത്തിരുത്തി<br>2) ചെന്ത്രാപ്പിന്നി | |
| 3 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ | |
| | A) | നീതി ലാബ് , ചാമക്കാല |
| | B) | നീതി ക്ലിനിക്കൽ ലബോറട്ടറി |
| | C) | സി.പി മുഹമ്മദ് മെമ്മോറിയൽ ചാരിറ്റബിൾ ട്രസ്റ്റ് ഡയാലിസിസ് സെന്റർ , കുട്ടമംഗലം |
| | D) | കാം സപ്പോർട്ട് കൗൺസിലിംഗ് & സൈക്കോതെറാപ്പി |
| | E) | മെഡികെയർ ലബോറട്ടറി |
| | F) | ഗുരു കെയർ ആയുർവേദ വെൽനസ് ക്ലിനിക്ക് |
| 4 | നീതി സൂപ്പർ മാർക്കറ്റ് | |
| 5 | ഗുരു കൃപ ആയുർവേദിക്സ് | |
| 6 | മാക്കൽ കൺസ്ട്രക്ഷൻസ് , ചെന്ത്രാപ്പാന്നി | |
| 7 | നിപ്പോൺ മോട്ടോർ കോർപ്പറേഷൻ പ്രൈ. ലി. | |

2) ലൈസൻസിനായുള്ള അപേക്ഷ പരിശോധിച്ചതിൽ നിന്നും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന വ്യാപാര വ്യവസായ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന ജോലിക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിൻറെ പേര് | ലൈസൻസ് നം. | കെട്ടിട നമ്പർ | ലൈസൻസിനുള്ള അപേക്ഷയിൽ കാണിച്ചിരിക്കുന്ന ജോലിക്കാരുടെ |
|---|---|---|---|---|

| | | | | എണ്ണം |
|---|---|---|---|---|
| 1 | ഡിന്നീസ് ബേക്കറി | 435 | 10/291 | 05 |
| 2 | ഡിന്നീസ് ഹോട്ടൽ | 438 | 10/290 | 04 |
| 3 | ഡിന്നീസ് കാറ്ററിംഗ് | 436 | 8/519 | 04 |
| 4 | ഡിന്നീസ് മിനിമാർട്ട് | 437 | 8/481 | 01 |
| 5 | ഡിന്നീസ് ജനറൽ സ്റ്റോർ | 393 | 10/287 /R,S,T,U,V | 05 |
| 6 | അവറാൻ ബൈക്ക് ഹൗസ് | 444 | 15/1/E | 02 |
| 7 | അവറാൻ മോട്ടോർസ് | 445 | 15/1/D | 02 |
| 8 | മർവ്വ ഫാമിലി റെസ്റ്റോറന്റ് | 314 | 8/226 | 09 |
| 9 | മണപ്പുറം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓട്ടോമോട്ടീവ് സ്കിൽസ് | 345 | 1/28/A,B,C,D | 07 |
| 10 | ഗ്രാന്റ് വില്ലേജ് സൂപ്പർമാർക്കറ്റ് | 346 | 10/229/N | 06 |
| 11 | M2 Dinette കഫേ റെസ്റ്റോറന്റ് | 379 | 8/196 | 06 |
| 12 | സെയിൻ ബേക്ക്സ് കഫേ റെസ്റ്റോറന്റ് | 385 | 10/229/A,B | 06 |
| 13 | LEE-X-ക്രിയേഷൻസ് | 148 | 11/697 | 10 |
| 14 | ഹൈസൺ മോട്ടോർസ് പ്രൈ. ലി. | 163 | 8/239/B,C,D | 05 |
| 15 | ആലപ്പാട്ട് പാലത്തിങ്കൽ PMC പെട്രോൾ | 34 | 10/124 | 05 |

മേൽപറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല ( ഓഡിറ്റ് അന്വേഷണം നം.08/14.11.2023 ). മുകളിൽ പറഞ്ഞിട്ടുള്ള അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനായി കൃത്യമായി തൊഴിൽ നികുതി ഈടാക്കുകയും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

**1-11 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല**

1) താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

.

| ക്രമ നം. | സ്ഥാപനം. |
|---|---|
| 1 | കാർ വേൾഡ് ചെന്ത്രാപ്പിന്നി |
| 2 | ശ്രീ മുരുക തിയേറ്റർ |
| 3 | ഡിന്നീസ് അസ്സോസിയേറ്റ്സ് |
| 4 | കള്ള് ഷാപ്പുകൾ |
| 5 | റേഷൻ കടകൾ |

2) ഡബ്ല്യു.പി.സി 16670/06നം കേസിന്റെ അന്തിമ വിധിയിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിൽ നിന്നും ബി.എസ്.എൻ.എൽ സ്ഥാപനങ്ങളെ ഒഴിവാക്കണമെന്ന വാദം ബഹു.കേരള ഹൈക്കോടതി തള്ളിയ സാഹചര്യത്തിൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.
മുകളിൽ പറഞ്ഞിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് പിരിച്ചെടുക്കുന്നതിനായി നടപടി സ്വീകരിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം. 16/07.11..2023 ).

## 1-12 ലൈസൻസ് - അപാകതകൾ

1) 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം.149 പ്രകാരം റേഷൻ കട, ക്രമ നം.139 പ്രകാരം കള്ള് ഷാപ്പ്, ക്രമ നം.132 പ്രകാരം ക്ഷീര സഹകരണ സംഘം എന്നിവയ്ക്ക് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതിന് പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്.എന്നാൽ 2022-23സാമ്പത്തികവർഷത്തിൽ അപേക്ഷകർ ലൈസൻസിനായി സമർപ്പിച്ച അപേക്ഷകളും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും ഉള്ള ലൈസൻസ് രജിസ്റ്ററും പരിശോധിച്ചപ്പോൾ ആയതിൽ റേഷൻ കടകളും, കള്ളുഷാപ്പുകളും, ക്ഷീര സഹകരണ സംഘങ്ങളും ഉൾപ്പെട്ടിരുന്നില്ല. താഴെപ്പറയുന്ന സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുന്നതിന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയതിന് മറുപടി ലഭ്യമായില്ല.

.

| ക്രമ നം. | സ്ഥാപനം. |
|---|---|
| 1 | റേഷൻ കടകൾ |
| 2 | അക്ഷയ കേന്ദ്രങ്ങൾ<br>1) എടത്തിരുത്തി<br>2) ചെന്ത്രാപ്പിന്നി |
| 3 | ക്ഷീരോൽപാദക സഹകരണ സംഘം , ചെന്ത്രാപ്പിന്നി |
| 4 | കള്ള് ഷാപ്പുകൾ |

2) 1999 ലെ കേരള പഞ്ചായത്ത് രാജ് ( ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ) ചട്ടങ്ങൾ പ്രകാരം താഴെപ്പറയുന്ന സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുന്നതിന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയതിന് മറുപടി ലഭ്യമായില്ല.

.

| ക്രമ നം. | സ്ഥാപനം. |
|---|---|
| 1 | ജേക്കബ് സ്റ്റഡി സെന്റർ |
| 2 | കരിയർ മന്ത്ര സ്റ്റഡി സെന്റർ |
| 3 | നീലൂസ് എഡ്യൂകെയർ |

.

3) 1999ലെ കേരള പഞ്ചായത്ത് രാജ് ( സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ ) ചട്ടങ്ങൾ പ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷം പാരാമെഡിക്കൽ

രജിസ്ട്രേഷൻ നടത്തിയിട്ടുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങൾ ഈ സാമ്പത്തിക വർഷം പാരാമെഡിക്കൽ രജിസ്ട്രേഷൻ , ലൈസൻസ് എന്നിവ എടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുന്നതിന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയതിന് മറുപടി ലഭ്യമായില്ല.

.

| ക്രമ നം. | സ്ഥാപനം. | സ്ഥാപന ഉടമയുടെ പേര് |
|---|---|---|
| 1 | മെഡിക്കോ ലാബ് | യു കെ സുബൈദ |
| 2 | നീതി ലബോറട്ടറി , ചെന്ത്രാപ്പിന്നി | അജയകുമാർ |
| 3 | നീതി ലാബ് | സെക്രട്ടറി, എടത്തിരുത്തി പഞ്ചായത്ത് പ്രവാസി ഹരിത സഹകരണ സംഘം |

ഫീൽഡ്തല സന്ദർശനം നടത്തി മേൽ ചേർത്തിട്ടുള്ള എല്ലാ സ്ഥാപനങ്ങൾക്കും ലൈസൻസ് / രജിസ്ട്രേഷൻ എന്നിവ എടുപ്പിക്കുന്നതിനായി നോട്ടീസ് നൽകുന്നതിനും, ലൈസൻസ് ഫീ ഈടാക്കി ലൈസൻസ് അനുവദിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 വസ്തുനികുതി-അപാകങ്ങൾ

പഞ്ചായത്തിലെ വസ്തുനികുതിയുമായി ബന്ധപ്പെട്ട ഫയലുകൾ, സോഫ്റ്റ്‌വെയർ എന്നിവ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. ഗ്രാമപഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളുടെയും സഞ്ചയ ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തീകരിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളുടെയും സഞ്ചയ ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയായിട്ടില്ല. സഞ്ചയ പ്രകാരം 13 സ്ഥാപനങ്ങളുടെ ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കുവാൻ അവശേഷിക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Sl No | Ward Name | No. Of Buildings | Purification Completed Count | | | | | | Purification Pending Count |
|---|---|---|---|---|---|---|---|---|---|
| | | | Operator Pending | Operator Completed | Verifier Pending | Verifier Completed | Approver Pending | Approver Completed | |
| 1 | ( 1 ) Painoor | 587 | 0 | 587 | 0 | 587 | 0 | 587 | 0 |
| 2 | ( 2 ) Kuttamangalam | 548 | 1 | 547 | 0 | 547 | 0 | 547 | 1 |
| 3 | ( 3 ) MUNAYAM | 696 | 0 | 696 | 0 | 696 | 0 | 696 | 0 |
| 4 | ( 4 ) Edathiruthy South | 550 | 2 | 548 | 0 | 548 | 0 | 548 | 2 |
| 5 | ( 5 ) Chenthrappinni East | 519 | 0 | 519 | 0 | 519 | 1 | 518 | 1 |
| 6 | ( 6 ) Kozhithumbu | 591 | 0 | 591 | 0 | 591 | 1 | 590 | 1 |
| 7 | ( 7 ) Chirakkal | 669 | 1 | 668 | 0 | 668 | 0 | 668 | 1 |
| 8 | ( 8 ) Mandalakkal | 723 | 0 | 723 | 0 | 723 | 0 | 723 | 0 |
| 9 | ( 9 ) Chamakkala | 739 | 1 | 738 | 1 | 737 | 0 | 737 | 2 |
| 10 | ( 10 ) Thalapurനam | 880 | 1 | 879 | 0 | 879 | 0 | 879 | 1 |
| 11 | ( 11 ) Chenthrappinni | 898 | 2 | 896 | 0 | 896 | 0 | 896 | 2 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | South | | | | | | | | |
| 12 | ( 12 ) Chenthrappinni North | 621 | 0 | 621 | 0 | 621 | 0 | 621 | 0 |
| 13 | ( 13 ) Kannampullippuram | 526 | 0 | 526 | 0 | 526 | 0 | 526 | 0 |
| 14 | ( 14 ) Edathiruthy | 579 | 0 | 579 | 0 | 579 | 0 | 579 | 0 |
| 15 | ( 15 ) Perumpadappu | 487 | 2 | 485 | 0 | 485 | 0 | 485 | 2 |
| 16 | ( 16 ) Balabodhini | 532 | 0 | 532 | 0 | 532 | 0 | 532 | 0 |
| 17 | ( 17 ) Edathiruthy West | 515 | 0 | 515 | 0 | 515 | 0 | 515 | 0 |
| 18 | ( 18 ) Chuloor | 503 | 0 | 503 | 0 | 503 | 0 | 503 | 0 |
| | Total | 11163 | 10 | 11153 | 1 | 11152 | 2 | 11150 | **13** |

സഞ്ചയ ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2) ഒരേ പ്രദേശത്തെ സമീപകെട്ടിടങ്ങളെ വ്യത്യസ്ത മേഖലകളിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയം നടത്തി

പഞ്ചായത്തിലെ വസ്തുനികുതിയുമായി ബന്ധപ്പെട്ട ഫയലുകൾ, സോഫ്റ്റ്‌വെയർ എന്നിവ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിൽ ഒരേ പ്രദേശത്തെ സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖലകളിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയം നടത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ 11 -ാം വാർഡ് മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖല നിർണയം നടത്തിയിട്ടുണ്ട്. ആയതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല ( ഓഡിറ്റ് അന്വേഷണം നം.20/16.11.2023 ).

| **ക്രമ നം** | **കെട്ടിട നം.** | **ഉടമയുടെ പേര്** | **പ്രദേശം** | **റോഡ് തരം** | **മേഖല** |
|---|---|---|---|---|---|
| **1** | 243 | കൃഷ്ണൻ കുട്ടി കോലെഴുത്ത് | അയ്യമ്പടി കോളനി റോഡ് | 5 മീറ്ററോ അതിൽ കുടുതൽ | ത്രിതീയം |
| | 243/A | ഷെറീന എടശ്ശേരി | അയ്യമ്പടി കോളനി റോഡ് | 5 മീറ്ററോ അതിൽ കുടുതല് | ദ്വിതീയം |
| **2** | 246 | തൊഴിൽ പരിശീലന കേന്ദ്രം പഞ്ചായത്ത് വക കുട്ടമംഗലം, | അയ്യമ്പടി കോളനി റോഡ് | 5 മീറ്ററോ അതിൽ കുടുതൽ | ത്രിതീയം |
| | 246/A | വത്സൻ പുതിയേടത്ത് | അയ്യമ്പടി കോളനി റോഡ് | 5 മീറ്ററോ അതിൽ കുടുതൽ | ദ്വിതീയം |
| **3** | 249 | സലീം അല്ലിക്കോളിൽ കുട്ടമംഗലം | അയ്യമ്പടി കോളനി റോഡ് | 5 മീറ്ററോ അതിൽ കുടുതൽ | ദ്വിതീയം |
| | 250 | സഫുറ അമ്പലത്തുവീട്ടിൽ | അയ്യമ്പടി കോളനി റോഡ് | 5 മീറ്ററോ അതിൽ കുടുതൽ | ത്രിതീയം |

| | | | | | |
|---|---|---|---|---|---|
| 4 | 254 | രാജു കൊരട്ടി | അയ്യമ്പടി കോളനി റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | തൃതീയം |
| | 254/A | ഷിഹാബ് പുതിയവീട്ടിൽ, | അയ്യമ്പടി കോളനി റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | ദ്വിതീയം |
| 5 | 269 | പ്രമോദ് തുപ്രാടൻ | അയ്യമ്പടി കോളനി റോഡ് | 1.5 മീറ്ററോ അതിൽ കുറവ് | തൃതീയം |
| | 269/A | വസന്ത മുതൽപേർ അയിനിക്കാട്ട് വീട് | അയ്യമ്പടി കോളനി റോഡ് | 1.5 മീറ്ററോ അതിൽ കുറവ് | ദ്വിതീയം |
| 6 | 416 | അനിൽകുമാർ കാട്ടിക്കളം | അയ്യപ്പൻ കാവ് ലിങ്ക് റോഡ് | 1.5 മീറ്ററിൽ കൂടുതൽ | ദ്വിതീയം |
| | 417 | നന്ദൻ പള്ളത്ത് | അയ്യപ്പൻ കാവ് ലിങ്ക് റോഡ് | 1.5 മീറ്ററിൽ കൂടുതൽ | തൃതീയം |

ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് കെട്ടിടങ്ങളുടെ നികുതി അപാകങ്ങൾ പരിഹരിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 വസ്തു നികുതി - കുറഞ്ഞ നിരക്കിലുള്ള ഉപയോഗക്രമത്തിൽ നിശ്ചയിച്ചു

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം ഉപയോഗക്രമത്തിനനുസരിച്ച് ഓരോ കെട്ടിടങ്ങൾക്കും അടിസ്ഥാന വസ്തു നികുതി നിരക്ക് ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിക്കേണ്ടതാണ്. 100 ച. മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ളഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൗൺ എന്നിവക്ക് ചതുരശ്ര മീറ്ററിന് അടിസ്ഥാന വസ്തു നികുതി 50/- രൂപയാണ് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ളത് . എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ 100 ച.മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള താഴെ പറയുന്ന വാണിജ്യകെട്ടിടങ്ങളെ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നീ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി അടിസ്ഥാനവസ്തു നികുതി 30/- രൂപ നിരക്കിലാണ് വസ്തു നികുതി നിർണയിച്ചിരിക്കുന്നത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | 1 | 2 | 3 |
|---|---|---|---|
| കെട്ടിട നം. | 11/742/J | 10/297 | 3/361 |
| ഉടമയുടെ പേര് | സജ്ന പൊന്നത്ത് | സെയ്തുമുഹമ്മദ് മകൾ നെസി പള്ളിപറമ്പിൽ | വി ഐ ജോസഫ് വലിയ വീട്ടിൽ |
| തറ വിസ്തീർണ്ണം ( $M^2$ ) | 174.73 | 230 | 155.2 |
| 2013 ലെ വസ്തു നികുതി പരിഷ്കരണത്തിന് മുൻപുള്ള വസ്തു നികുതി | - | 4968 | 3240 |
| നിലവിൽ ഈടാക്കുന്ന | 5241 | 6900 (230 X | 4656 |

| | | | |
|---|---|---|---|
| നിരക്ക് പ്രകാരം ( 30/$m^2$) നിശ്ചയിച്ച അടിസ്ഥാന വസ്തു നികുതി | (174.73 X 30) | 30) | (155.2 X 30) |
| ഈടാക്കേണ്ടി യിരുന്ന നിരക്ക് പ്രകാരമുള്ള ( 50/$m^2$) അടിസ്ഥാന വസ്തു നികുതി | 8736 (174.73 X 50) | 11500 (230 X 50) | 7760 ( 155.2 X 50) |
| 2013 ലെ വസ്തു നികുതി പരിഷ്കരണത്തോടനുബന്ധിച്ച് നിശ്ചയിച്ച ലിമിറ്റ് പ്രകാരമുള്ള വസ്തുനികുതി | 8736 | 9936 ( 4968x2 ) | 6480 ( 3240x2 ) |
| ഈടാക്കേണ്ട അടിസ്ഥാന വസ്തുനികുതി | 8736 | 9936 | 6480 |
| നികുതി വ്യത്യാസം | 3495 | 3036 | 1824 |

അടിസ്ഥാന വസ്തു നികുതിയിലുള്ള വ്യത്യാസമാണ് മേൽ ചേർത്തിട്ടുള്ളത്. ആയതിന് ചട്ടപ്രകാരമുള്ള ഇളവ്/വർദ്ധനവ് എന്നിവ നിർണ്ണയിച്ച് വസ്തുനികുതി പരിഷ്കരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 റെസ്റ്റോറേഷൻ ചാർജ് ഫോർ റോഡ് കട്ടിംഗ് ഇനത്തിൽ തുക അടവാക്കിയത് സംബന്ധിച്ച തുടർ നടപടികൾ അറിയിക്കേണ്ടതാണ്

ജലജീവൻ മിഷൻ പ്രവൃത്തികളുടെ ഭാഗമായി പഞ്ചായത്തിലെ വിവിധ റോഡുകൾ കട്ട് ചെയ്യുന്നതുമായി ബന്ധപ്പെട്ട് കേരള വാട്ടർ അതോറിറ്റിയിൽ നിന്നും റെസ്റ്റോറേഷൻ ചാർജ് ഫോർ റോഡ് കട്ടിംഗ് ഇനത്തിൽ സാങ്കേതിക വിഭാഗം ഡിമാന്റ് നോട്ടുകൾ തയ്യാറാക്കിയിട്ടുണ്ട്. 55 ഡിമാന്റ് നോട്ടുകളിൽ നിന്നായി 10.07.2023 വരെയുള്ള കാലയളവിലേക്ക് കേരള വാട്ടർ അതോറിറ്റി, പി.എച്ച്. ഡിവിഷൻ, വാടാനപ്പിള്ളി സെക്ഷനിലേക്ക്, 17,64,76,489/- രൂപ ഡിമാന്റ് ചെയ്യുകയും ടിയിനത്തിൽ ബാക്കിയുള്ള തുകയായ 11,04,20,832/- രൂപ അടവാക്കാൻ കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. (കത്ത് നം. JC2/2023/10.07.2023)

31.03.2023 വരെയുള്ള കാലയളവിൽ 15,30,43,141 രൂപ ഡിമാന്റ് ചെയ്തതിൽ 6,60,55,657/- രൂപ മാത്രമാണ് അടവാക്കിയിട്ടുള്ളത്. 31.03.2023 വരെ ഡിമാന്റ് ചെയ്തതിൽ അടവാക്കാൻ ബാക്കിയുള്ള തുകയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഡിമാന്റ് തീയതി | തുക |
|---|---|
| 20.12.2022 | 1,33,88,686.00 |
| 20.12.2022 | 29,81,940.00 |
| 31.12.2022 | 1,14,96,402.00 |
| 09.01.2023 | 21,23,599.00 |
| 09.01.2023 | 9,63,249.00 |
| 21.01.2023 | 14,30,568.00 |
| 21.01.2023 | 44,82,446.00 |
| 22.02.2023 | 18,78,360.00 |
| 25.02.2023 | 6,98,564.00 |
| 01.03.2023 | 25,80,805.00 |
| 06.03.2023 | 38,22,696.00 |
| 22.02.2023 | 26,93,352.00 |
| 01.03.2023 | 17,96,861.00 |
| 22.02.2023 | 10,12,918.00 |

| | |
|---|---|
| 22.02.2023 | 10,12,918.00 |
| 01.03.2023 | 15,77,008.00 |
| 23.02.2023 | 11,25,464.00 |
| 01.03.2023 | 12,80,700.00 |
| 22.02.2023 | 6,36,469.00 |
| 22.02.2023 | 14,59,222.00 |
| 09.03.2023 | 44,29,477.00 |
| 10.03.2023 | 27,16,637.00 |
| 13.03.2023 | 17,85,219.00 |
| 09.03.2023 | 13,38,914.00 |
| 13.03.2023 | 19,32,693.00 |
| 13.03.2023 | 19,36,574.00 |
| 09.03.2023 | 40,79,030.00 |
| 07.03.2023 | 13,77,335.00 |
| 09.03.2023 | 46,80,377.00 |
| 09.03.2023 | 15,52,364.00 |
| 13.03.2023 | 15,52,364.00 |
| 09.03.2023 | 11,64,273.00 |
| ആകെ | 8,69,87,484.00 |

ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നല്കിയതിന് കട്ട് ചെയ്ത റോഡുകളുടെ റെസ്റ്റോറേഷൻ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

ബാക്കി തുക ലഭ്യമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചതിന്റെ വിവരം അറിയിക്കേണ്ടതാണ്. കൂടാതെ കട്ട് ചെയ്ത റോഡുകളുടെ റെസ്റ്റോറേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്നും അറിയിക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നം. 10/14.11.2023).

## 1-16 പൂർത്തീകരണ /വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല-

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രോജക്ടുകളുടെ പൂർത്തീകരണ /വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

| പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | വൗച്ചർനമ്പർ/ബിൽ നമ്പർ/ തീയതി | തുക | നിർവ്വഹണ ഏജൻസി |
|---|---|---|---|---|
| 2/23 | വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിച്ച് സ്ട്രീറ്റ്ലൈറ്റ് സ്ഥാപിക്കൽ | 42200793/22.02.2023 | 9,516/-(വികസനഫണ്ട് ധനകാര്യകമ്മീഷൻ അവാർഡ്) | അസിസ്റ്റന്റ് എഞ്ചിനീയർ, കെഎസ്ഇബി, വലപ്പാട് |
| S0087/23 | ഐകെഎം സേവനങ്ങൾക്ക് വിഹിതം നൽകൽ | 42200960/17.08.2022 | 1,82,075/-(വികസനഫണ്ട്) | എക്സിക്യൂട്ടീവ് ഡയറക്ടർ, ഐകെഎം . |

നിർവ്വഹണ ഏജൻസികളിൽ നിന്ന് പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്(ഓഡിറ്റ്

അന്വേഷണം നം.21/15.11.2023).

**1-17 പട്ടികജാതി പെൺകുട്ടികൾക്കുള്ള വിവാഹധനസഹായം - രേഖകൾ ഹാജരാക്കിയില്ല- ചെലവുതുക 75000/-തടസ്സപ്പെടുത്തുന്നു -**

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ട് നം. - 125/23

പ്രോജക്ടിന്റെ പേര്-പട്ടികജാതി പെൺകുട്ടികൾക്കുള്ള വിവാഹധനസഹായം

അടങ്കൽ തുക – 18,00,000/-
ചെലവ് – 18,00,000/-

ഫണ്ട്- വികസനഫണ്ട്(എസ് സിപി)

ബിൽ നം. 238/6.2.2023 – 4,50,000/- (വൌ.നം.42201092/6.2.2023)

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയിട്ടുള്ള മേൽ പ്രോജക്ടിലെ ഗുണഭോക്താവായ ശ്രീ മാടാനി കുഞ്ഞയ്യപ്പക്കുട്ടി മകൻ രാജു ,എടത്തിരുത്തി എന്നവരുടെ മകൾ ശരണ്യരാജിന്റെ വിവാഹം നടന്നത് 13.5.2022 നും ധനസഹായത്തിന് അപേക്ഷിച്ചിട്ടുള്ളത് 23.1.2023നുമാണ്(എസ് സി3/665/23). സ.ഉ(കൈ)നം.115/2022തസ്വഭവ തീ.28.5.20222 ഖണ്ഡിക 7.2.1പ്രകാരം, വിവാഹത്തിന് 15 ദിവസം മുൻപോ 180 ദിവസത്തിനകമോ ധനസഹായത്തിന് അപേക്ഷിക്കാത്തവർ കളക്ടറുടെ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ് .എന്നാൽ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ ടിയാന് അനുവദിച്ചിട്ടുള്ള ധനസഹായം 75,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു(ഓഡിറ്റ് അന്വേഷണം നം.22/15.11.2023).

**1-18 പ്രത്യേക കന്നുകുട്ടിപരിപാലനം-വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ് -**

പ്രോജക്ട് നം. – 114/23
പ്രോജക്ടിന്റെ പേര് -പ്രത്യേക കന്നുകുട്ടിപരിപാലനം
നിർവ്വഹണഉദ്യോഗസ്ഥൻ – വെ റ്ററി നറി സർജൻ
ഫണ്ട് – വികസനഫണ്ട് – 4,50,000/-
മറ്റുള്ളവ – 4,50,000/-(ഗുണഭോക്തൃവിഹിതം)
അടങ്കൽ തുക – 9,00,000/-
ബിൽ നം. 8/22-23 തീ.28.1.2023 – 3,12,500/- (വൌ.നം.42201069/23.1.2023)
ബിൽ നം. 12/22-23 – തീ.25.2.2023 – 1,37,500/- (വൌ.നം.42201120/17.2.2023)
വെറ്ററിനറി സർജൻ നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ കന്നുകുട്ടി പരിപാലനം എന്ന പ്രൊജക്ട് പ്രകാരം ഒരാൾക്ക് 12,500/- രൂപ വീതം 36 ഗുണഭോക്താക്കൾക്കായി 4,50,000/- രൂ പ SLBP ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂരിന് കൈമാറിയിട്ടുണ്ട്. പ്രൊജക്ട് പൂർത്തീകരിക്കുന്ന മുറയ്ക്ക് അതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

**1-19 അഡ്വാൻസ് നൽകിയ തുകകൾ ധനവിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കി ക്രമീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്**

അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ തൻവർഷം മുൻകൂറായി കൈമാറിയതിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | തുക നൽകിയത് | വൗച്ചർ നം. /കൈമാറിയ തുക | ഉദ്ദേശ്യം | നല്കിയ തുക |
|---|---|---|---|---|
| 1 | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി | 42200248/ 06.08.2022 | പാരാമെഡിക്കൽ സ്റ്റാഫിനുള്ള ശമ്പളം | 55,170 |
| 2 | സെക്രട്ടറി, | 42200909/30.03.2023 | പാലിയേറ്റീവ് | 14,795 |

| | | | | |
|---|---|---|---|---|
| | ഗ്രാമപഞ്ചായത്ത് | | കെയർ ആംബുലൻസിന്റെ ഇൻഷ്വറൻസ് ചാർജ് | |
| 3 | സെക്രട്ടറി, ഗ്രാമപഞ്ചായത്ത് | 42200914/30.03.2023 | പാലിയേറ്റീവ് കെയറിന് ആംബുലൻസ് വാങ്ങുന്നതിന് | 773,311 |
| 4 | സെക്രട്ടറി, ഗ്രാമപഞ്ചായത്ത് | 42200914/30.03.2023 | പാലിയേറ്റീവ് കെയറിന് ആംബുലൻസ് വാങ്ങുന്നതിന് | 12,275 |

അഡ്വാൻസ് നൽകിയ തുകകൾ ധനവിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കി ക്രമീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്(ഓഡിറ്റ് എൻക്വയറി നം /15.11.2023).

## 1-20 പ്രത്യേക ഗ്രാന്റുകൾ-വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/23 ൽ ബാക്കിയുള്ള തുകകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ശീർഷകം | | നീക്കിയിരിപ്പ്(രൂപ) |
|---|---|---|---|
| 1 | 320700104 | Contributions For Joint Venture Projects(For Capital Expenditure)- From Block Panchayats | 500,721 |
| 2 | 320700204 | Contributions For Joint Venture Projects(For Revenue Expenditure)- From Block Panchayats | 296,995 |
| 3 | 320100181 | Total Sanitation Campaign | 812,799 |

മേൽ തുകകളുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്. വിനിയോഗിക്കാത്ത പക്ഷം വരവ് വന്ന സ്രോതസ്സിലേക്ക് തിരിച്ചടച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം. 3/13.11.2023)

## 1-21 വിനിയോഗിക്കാത്ത ഗ്രാന്റിന്റെ തിരിച്ചടവ് വിവരം ലഭ്യമാക്കേണ്ടതാണ്

കോഴിത്തുമ്പ് കോളനി വികസന പ്രൊജക്ടിന് മതിലകം ബ്ലോക്ക് പഞ്ചായത്തിന് ഗ്രാമപഞ്ചായത്ത് വിഹിതമായി നല്കിയ 6,60,000/- രൂപ 1220301014/03.06.2022 രശീതി പ്രകാരം തിരികെ ലഭിച്ചിട്ടുണ്ട്. ആയത് ഫണ്ട് വകയിരുത്തിയ സ്രോതസ്സിലേക്ക് / കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരികെ അടവാക്കാനുള്ള

നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-22 ഭവന നിർമാണം പൂർത്തീകരിച്ചതിന്റെ വിവരം അറിയിക്കേണ്ടതാണ്**

I)നിർവ്വഹണ ഉദ്യോഗസ്ഥ - വി.ഇ.ഒ. എടത്തിരുത്തി

പ്രൊജക്റ്റ്- 86/23 – ലൈഫ് ഭവന നിർമാണം - ജനറൽ

ലൈഫ് ഭവന പദ്ധതി(ജനറൽ) യിൽ ഉൾപ്പെട്ട താഴെ ചേർക്കുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ക്രമനം | ഗുണഭോക്താവിന്റെ പേര് | നൽകേണ്ട തുക | കൈമാറിയ തുക | കൈമാറിയ തീയതി/ ബിൽ നം/തീയതി |
|---|---|---|---|---|
| 1 | നസീമ വി.കെ, വെള്ളാലി ഹൗസ് | ₹ 4,00,000 | 40,000/- | 15/ 04.11.2022 |
| | | | 160,000/- | 16/ 06.12.2022 |
| 2 | റംലത്ത് പുതിയ വീട്ടിൽ | ₹ 4,00,000 | 40,000/- | 16.03.2022(2021-22) |
| | | | 160,000/- | **42200990/17.10.2022** |
| | | | 100,000/- | 30/ 16.02.2023 |

II)നിർവ്വഹണ ഉദ്യോഗസ്ഥ - വി.ഇ.ഒ. ചെന്ത്രാപ്പിന്നി

പ്രൊജക്റ്റ് - 102/23 – ലൈഫ് ഭവനനിർമാണം (എസ്.സി)

ലൈഫ് ഭവന പദ്ധതി(എസ്.സി)യിൽ ഉൾപ്പെട്ട താഴെ ചേർക്കുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ക്രമനം | ഗുണഭോക്താവിന്റെ പേര് | നൽകേണ്ട തുക | കൈമാറിയ തുക | കൈമാറിയ തീയതി/ ബിൽ നം/ വൗച്ചർ നം/തീയതി |
|---|---|---|---|---|
| 1 | സുമ കുഞ്ഞയ്യപ്പൻ കാട്ടിക്കോലോത്ത് ഹൗസ് | ₹4,00,000 | 40,000/- | 22.12.2021(2021-22) |
| | | | 160,000/- | 16.03.2022(2021-22) |
| | | | 100,000/- | **42200978/ 14.09.2022** |
| 2 | സുജാതാ രാജൻ തേവർ പുരയ്ക്കൽ | ₹ 4,00,000 | 40,000/- | 03.03.2022(2021-22) |
| | | | 98,000/- | **42201107/ 15.02.2023** |

ഓഡിറ്റ് എൻക്വയറി നൽകിയതിന് ഭവന നിർമാണം പൂർത്തീകരിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടി സ്വീകരിച്ചതിന്റെ വിവരം അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 4/13.11.2023).

**1-23 ഹോമിയോ മരുന്നുകൾ ലഭ്യമാക്കേണ്ടതാണ്**

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി, ചാമക്കാല

1)

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | -22/23 |
| പ്രൊജക്റ്റ് | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന വാങ്ങൽ |
| അടങ്കൽ | 250000/ - |
| ചെലവ് | 250000/ (മെയിന്റനൻസ് ഫണ്ട്- റോഡിതരം) |

മേൽ പദ്ധതി പ്രകാരം ഹോംകോ, ആലപ്പുഴയ്ക്ക് തുക കൈമാറിയതിൽ നാളിതു വരെ മരുന്ന് ലഭിക്കാത്തതിന്റെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ട്രഷറി ബിൽ നം/ വൗച്ചർ നം.തീയതി | പ്രൊഫോർമ ഇൻവോയ്സ്/ തുക | കൈമാറിയ തുക | ലഭിച്ച മരുന്നിന്റെ വിവരം(ഇൻവോയ്സ്/ തുക) | മരുന്ന് ലഭിക്കാനുള്ളത് (രൂപയിൽ) |
|---|---|---|---|---|---|
| 1 | 4/ 25.10.2022 (42200999/ 22.10.22) | PF-256/ 14.09.2022 | ₹ 250000 | 1)LF 368/ 26.06.23 – ₹97505/- 2) LF 1575/ 29.09.23 – ₹87263/- ആകെ- ₹184768/- | 65232/- |

ബാക്കി മരുന്നുകൾ ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം. 5/13.11.2023)

## 1-24 സർക്കാർ ഉത്തരവുകൾക്ക് വിധേയമായി പർച്ചേസുകൾ ചെയ്യേണ്ടതാണ്

സർക്കാർ ഉത്തരവ് G.O (Rt.) No. 27/2000/SPD തീയതി- 31.03.2000 പ്രകാരം M/s സിഡ്കോ എന്ന സ്ഥാപനത്തിന് സ്റ്റീൽ ഫർണിച്ചർ, മരം കൊണ്ടുള്ള ഫർണിച്ചർ, ആശുപത്രി ഉപകരണങ്ങൾ എന്നിവ ടെണ്ടർ നടപടികൾ കൂടാതെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് സപ്ലൈ ചെയ്യുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവ് G.O (Rt.) No. 49/2019/SPD തീയതി- 14.11.2019 , G.O (Rt.) No. 97/2022/SPD തീയതി- 23.12.2022 എന്നീ ഉത്തരവുകൾ പ്രകാരമുള്ള അനുബന്ധത്തിൽ സിഡ്കോയിൽ നിന്നും ടെൻഡർ നടപടികൾ ഇല്ലാതെ നേരിട്ട് വാങ്ങാവുന്ന ഫർണീച്ചറുകളുടെയും ഉപകരണങ്ങളുടെയും ലിസ്റ്റും അവയ്ക്ക് നൽകാവുന്ന പരമാവധി വിലയും സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ പ്രൈസ് ലിസ്റ്റിൽ ഉൾപ്പെടാത്ത ഇനങ്ങൾക്ക് സ്റ്റോർ പർച്ചേസ് റൂൾസ് പ്രകാരം ക്വട്ടേഷൻ/ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. സിഡ്കോ എന്ന സ്ഥാപനത്തിനും ഇത്തരം ക്വട്ടേഷൻ/ടെണ്ടർ നടപടികളിൽ പങ്കെടുക്കാവുന്നതാണെന്നും ഉത്തരവിൽ സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ മെഡിക്കൽ ഓഫീസർ നടത്തിയ നടത്തിയ വാങ്ങലുകളിൽ പ്രൈസ് ലിസ്റ്റിൽ ഉൾപ്പെടാത്ത ഇനങ്ങൾക്ക് ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്ട് | ഇനം | എണ്ണം | തുക | കുറിപ്പുകൾ |
|---|---|---|---|---|---|
| 1 | 187/23 കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് ഉപകരണങ്ങളും ഫർണിച്ചറുകളും വാങ്ങൽ | 1) Washing Machine | 1 | 17,682 | ക്വട്ടേഷൻ / ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ല. |
| | | 2) Sterilizer Large | 1 | 3,745 | |
| | | 3) Water Purifier | 1 | 15,494 | |
| | | | ആകെ | 36921/ | |

സർക്കാർ ഉത്തരവുകൾക്ക് വിധേയമായി പർച്ചേസുകൾ ചെയ്യേണ്ടതിന് നിർവ്വഹണ ഉദ്യോഗസ്ഥർ, പർച്ചേസ് കമ്മിറ്റി, ഭരണ സമിതി എന്നിവർ ഉറപ്പ് വരുത്തേണ്ടതാണ്.ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം. 17/14.11.2023)

## 1-25 തുക ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി
പ്രൊജക്ട് നമ്പർ 20/23 – സാന്ത്വന പരിചരണ പരിപാടി
ചെലവ് – 125972/-

വൗച്ചർ നം. 42200971/01.09.2022 – 125972/-
സാന്ത്വന പരിചരണ പരിപാടിയിൽ ഉൾപ്പെടുത്തി 125972/- രൂപ ചെലവഴിച്ചതിൽ 55170/- രൂപ എടത്തിരുത്തി ഗ്രാമപഞ്ചായത്തിന് റീഫണ്ട് ചെയ്തിട്ടുണ്ട്. എന്നാൽ ടി തുക പഞ്ചായത്തിന്റെ അക്കൗണ്ടിൽ വരവ് വന്നിട്ടില്ല. ആയതിന്റെ യു.ടി.ആർ നമ്പർ പരിശോധിച്ചതിൽ "Null"എന്നാണ് രേഖപ്പെടുത്തിയത്. ട്രഷറിയുമായി ബന്ധപ്പെട്ട് തുക ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.17/14.11.2023).

**1-26 സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിക്ക് വിഹിതം നൽകൽ-മാർഗ്ഗരേഖക്ക് വിരുദ്ധം-50000/-രൂപ തടസ്സപ്പെടുത്തുന്നു.**

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ്മിസ്ട്രസ്,ജി.എൽ.പി.എസ്., ചാമക്കാല |
| പ്രോജക്റ്റ് നം. | 191/23 |
| വകയിരുത്തിയ തുക | തനത് ഫണ്ട്-50000/- |
| ചെലവ് | 50000/-<br>(ചെക്ക് നം.2873847/13.10.22,<br>വൗച്ചർനം.22200523/30.09.22) |

മേൽ പ്രോജക്റ്റ് പ്രകാരം ചെന്ത്രാപിന്നി ഹയർ സെക്കന്ററി സ്കൂളിന് സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ടി 50000/- രൂപ കൈമാറിയിട്ടുണ്ട്.സർക്കാർ ഉത്തരവ് (കൈ)നം.15/22/ത.സ്വ.ഭ.വ. തി.7.4.4 പ്രകാരം സർക്കാർ എയ്ഡഡ് ഹൈസ്കൂൾ,ഹയർ സെക്കന്ററി സ്കൂളിലെ കുട്ടികൾക്ക് സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി പരിശീലനത്തിനായി വേണ്ടി വരുന്ന തുകയിൽ പോലീസ് വകുപ്പിൽ നിന്നും ലഭ്യമാകുന്നത് കഴിച്ചുള്ള തുക സ്കൂൾ ഒന്നിന് 20000/-രൂപയിൽ അധികമാകാതെ വിനിയോഗിക്കാവുന്നതാണ്. ജില്ലാപഞ്ചായത്തുകൾക്കും,നഗരഭരണ സ്ഥാപനങ്ങൾക്കും മാത്രമാണ് മേൽ പ്രോജക്റ്റ് ഏറ്റെടുക്കാവുന്നത്.എന്നാൽ സബ്സിഡി മാർഗ്ഗരേഖയിൽ പറഞ്ഞിട്ടുള്ളതിന് വിരുദ്ധമായി പഞ്ചായത്ത് അധിക തുക നൽകുകയും, ജില്ലാപഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കേണ്ട പദ്ധതി സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി നടപ്പാക്കുകയും ചെയ്തു.ആയതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് എൻക്വയറി (06/13.11.23) നൽകിയതിന് പോലീസ് വകുപ്പിൽ നിന്ന് അവശ്യസമയത്ത് തുക ലഭിക്കാത്തത് കൊണ്ട് സി.എച്ച്.എസ്.എസ്. ചെന്ത്രാപ്പിന്നി സ്കൂളിലെ പി.ടി.എ കമ്മിറ്റിയുടെ ആവശ്യപ്രകാരമാണ് തുക നൽകിയതെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി ചെലവ് ചെയ്ത 50000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-27 ഡെപ്പോസിറ്റ് വർക്ക് -തനത് ഫണ്ട്-വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല.**

സെക്രട്ടറി തൻവർഷം തനത് ഫണ്ടിൽ നിന്നും ഡെപ്പോസിറ്റ് വർക്കിന് വേണ്ടി താഴെ പറയും പ്രകാരം തുക കൈമാറിയിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | വൗച്ചർനം./തീ. | തുക | പദ്ധതി |
|---|---|---|---|
| 1 | 22200247/ 30.06.22 | 11468/- | രാമൻകുളം കുടിവെള്ള<br>വിതരണ പദ്ധതിക്ക് വേണ്ടി ഇലക്ട്രിക് പോസ്റ്റ് മാറ്റുന്നതിന് അസി.എഞ്ചിനീയർ,KSEB,കയ്പമംഗലത്തിന് നൽകിയത് |

മേൽ പ്രകാരം നൽകിയ തുകയുടെ വിനിയോഗ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്(ഓഡിറ്റ് എൻക്വയറി നം.27/തീ.15.11.23).

**1-28 അമൃതം ഫുഡ് സപ്ലിമെന്റ് - ഉത്പന്ന വിതരണക്കാരിൽ നിന്നും ജിഎസ്റ്റി ടിഡിഎസ്**

**ഈടാക്കിയില്ല**

നിർവ്വഹണ ഉദ്യോഗസ്ഥ : ഐ.സി.ഡി.എസ്. സൂപ്പർവൈസർ
പ്രോജക്റ്റ് : അങ്കണവാടി പോഷകാഹാരം (24/23)
ഫണ്ട് :
1) വികസന ഫണ്ട് – പൊതുവിഭാഗം
അടങ്കൽ : 600000/-, ചെലവ് : 600000/-

വൗച്ചർ നം.42200964/22.08.22(ബിൽ നം.01/27.08.22)-86247/-
വൗച്ചർ നം.42201000/26.10.22(ബിൽ നം.05/30.10.22)-120779/-

വൗച്ചർ നം.42201049/29.12.22(ബിൽ നം.12/02.01.23)-70952/-

വൗച്ചർ നം.42201093/07.02.23(ബിൽ നം.15/18.02.23)-106089/-

വൗച്ചർ നം.42200966/29.08.22(ബിൽ നം.02/02.09.22)-187720/-

വൗച്ചർ നം.42201137/06.03.23(ബിൽ നം.06/11.03.23) -28213/-
2) കേന്ദ്രാവിഷ്കൃത ഫണ്ട്
അടങ്കൽ : 600000/-, ചെലവ് : 600000/-
വൗച്ചർ നം.42200381/06.09.22(ചെക്ക്  നം.513671/തീ.2.09.2022)-445618/-
വൗച്ചർ നം.42200641/19.12.22(ചെക്ക് നം.513672/19.12.22)-71632/-

വൗച്ചർ നം.42200842/07.03.23(ചെക്ക് നം.513674/07.03.23)-65084/-

വൗച്ചർ നം.42200851/08.03.23(ചെക്ക് നം.513675/08.03.23)-17666/-

3) ബ്ലോക്ക് പഞ്ചായത്ത് വിഹിതം
അടങ്കൽ: 500000/-, ചെലവ് :100000/-,വൗച്ചർ നം.42200997/26.10.22(ബിൽ നം. 04/31.10.22)-100000/-
4) ജില്ലാ പഞ്ചായത്ത് വിഹിതം
അടങ്കൽ :500000/-, ചെലവ് : 133111/-

വൗച്ചർ നം.42201058/17.01.23((ബിൽ നം.13/24.01.23)-133111/-

പ്രോജക്റ്റ് പ്രകാരം ഊർജ്ജസ് അമൃതം ഫുഡ് സപ്ലിമെന്റ് യൂണിറ്റ്,കാറളം എന്ന സ്ഥാപനത്തിൽ നിന്നു താഴെ പറയും പ്രകാരം അമൃതം ഉൽപ്പന്നങ്ങൾ 2.5% CGSTയും, 2.5% SGSTയും നല്കി വാങ്ങിയിട്ടുള്ളതാണ്.

| ക്രമ നം | ഇൻവോയ്സ് നം. | തിയതി | നികുതി ഒഴികെയുള്ള തുക | GST@ 5% | നികുതി ഉൾപ്പെടെയുള്ള തുക | ബിൽ തുക |
|---|---|---|---|---|---|---|
| 1 | 923 | 20.06.2022 | 56490 | 2824 | 59314 | 187720/- |
| 2 | 924 | 20.06.2022 | 1024 | 51 | 1075 | 187720/- |
| 3 | 927 | 15.07.2022 | 56700 | 2835 | 59535 | 187720/- |
| 4 | 934 | 15.07.2022 | 1152 | 57 | 1209 | 187720/- |
| 5 | 948 | 17.08.2022 | 59220 | 2961 | 62181/- | 187720/- |
| 6 | 949 | 17.08.022 | 1792 | 89 | 1881 | 187720/- |
| 7 | 1002 | 20.12.2022 | 60900 | 3045 | 63945 | 71632/- |
| 8 | 1003 | 20.12.22 | 2944 | 147 | 3091 | 71632/- |
| 9 | 992 | 15.11.2022 | 2816 | 140 | 2956 | 71632/- |
| 10 | 977 | 19.10.2022 | 61320 | 3066 | 64386 | 133111/- |
| 11 | 978 | 19.10.22 | 2624 | 131 | 2755 | 133111/- |
| 12 | 966 | 13.09.22 | 59010 | 2950 | 61960 | 133111/- |
| 13 | 967 | 13.09.22 | 2112 | 105 | 2217 | 133111/- |

| | | | | | | |
|---|---|---|---|---|---|---|
| 14 | 1022 | 20.02.23 | 58590 | 2929 | 61519 | 65084/- |
| 15 | 1023 | 20.02.23 | 2560 | 128 | 2688 | 65084/- |

പ്രോജക്റ്റ് നം. 25/23,എസ്.സി.പി

പദ്ധതി വിഹിതം (എസ്.സി.പി.)ചെലവ് -

ബിൽ നം. തി-03/30.09.22-334630/-

ബിൽ നം. തി-11/12.12.22-643681/-

ബിൽ നം. തി-20/31.03.23-1002/-

2) കേന്ദ്രാവിഷ്കൃത ഫണ്ട്

ചെക്ക് നം.513673/10.02.23-500000/-

| | | | | | | |
|---|---|---|---|---|---|---|
| 1 | 892 | 18.02.22 | 85680 | 4284 | 89964/- | 500000/ |
| 2 | 889 | 18.02.22 | 5440 | 272 | 5712 | 500000/- |
| 3 | 896 | 19.03.22 | 84630 | 4231 | 88861 | 500000/- |
| 4 | 897 | 19.03.22 | 5632 | 281 | 5913 | 500000/- |
| 5 | 900 | 16.04.22 | 70770 | 3538 | 74308 | 500000/- |
| 6 | 901 | 16.04.22 | 2880 | 144 | 3024 | 500000/- |
| 7 | 909 | 19.05.22 | 57960 | 2898 | 60858 | 500000/- |
| 8 | 910 | 19.05.22 | 1408 | 70 | 1478 | 500000/- |
| 9 | 991 | 15.11.22 | 60480 | 3024 | 63504 | 64368/- |
| 10 | 1013 | 16.01.23 | 2912 | 145 | 3057 | 500000/- |
| 11 | 1012 | 16.01.23 | 55440 | 2772 | 58212 | 500000/- |

CGST ആക്ട് 2017ലെ വകുപ്പ് 51(1) പ്രകാരം വിതരണത്തിന്റെ ആകെ മൂല്യം 2½ ലക്ഷത്തിൽ അധികമാകുന്ന സാധനങ്ങളുടെയോ സേവനങ്ങളുടേയോ രണ്ടിന്റേയോ കരാറുകാരുടെ ബില്ലിൽ നിന്നും 1% ടിഡിഎസ് പിടിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. SGST ആക്ട് 2017ലെ വകുപ്പ് 51(1) സമാനമായ നിർദ്ദേശമുള്ളതാണ്. ആയതിനാൽ ആകെ മൂല്യം 2½ ലക്ഷത്തിൽ അധികമാകുന്ന ബില്ലുകളിൽ നിന്നും CGST, SGSTഇനങ്ങളിൽ 1% വീതം ആകെ 2% നികുതി സ്രോതസിൽ നിന്നും ഈടാക്കേണ്ടതാണ്. എന്നാൽ മേൽ പട്ടികപ്പെടുത്തിയ പ്രകാരം ഊർജസ് അമൃതം ഫുഡ് സപ്ലിമെന്റ് യൂണിറ്റ്,കാറളം എന്ന സ്ഥാപനത്തിൽ നിന്നും അമൃതം ഉൽപ്പന്നങ്ങൾ വാങ്ങിയപ്പോൾ CGST,SGST ഇനങ്ങളിൽ ടി.ഡി.എസ് ഈടാക്കിയിട്ടില്ലാത്തതാണ്. വിതരണക്കാരിൽ നിന്നും ടി.ഡി.എസ്. ഈടാക്കി അറിയിക്കേണ്ടതാണ്.( ഓഡിറ്റ് എൻക്വയറി-14/14.11.23)

**1-29 കോക്ലിയർ ഇംപ്ലാന്റ് മെയിന്റനൻസ് - സാമൂഹ്യ സുരക്ഷാ മിഷന് തുക കൈമാറൽ - ഉപകരണങ്ങൾ ഗുണഭോക്താവിന് ലഭ്യമാക്കിയിട്ടില്ല.**

നിർവ്വഹണോദ്യോഗസ്ഥൻ – ഐ.സി.ഡി.എസ് സൂപ്പർവൈസർ
പ്രോജക്റ്റ് നം.192/23
വകയിരുത്തിയ തുക വികസനഫണ്ട് – 50000/-
ചെലവ് ബിൽ നം-10/12.12.22-50000/ രൂപ.(വൗച്ചർ നം.42201027/08.12.22)

തൻവർഷം മേൽ പ്രോജക്റ്റിന് വേണ്ടി സ.ഉ.(സാധാ) നം.426/2019/ത.സ്വ.ഭ.വ. തി.26.02.2019 ഉത്തരവ് പ്രകാരം ഓരോ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും ഇവ പ്രത്യേകമായി വാങ്ങുന്നതിന് പകരം ഉപകരണങ്ങൾ കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ തന്നെ വാങ്ങുന്നതാണ് നല്ലതെന്ന സർക്കാരിന്റെ ഉത്തരവ് പ്രകാരം 50000/രൂപ ജിസിൻ.എം.ഷാജി ,മുളങ്ങാട്ടുപറമ്പിൽ ഹൗസ്,ചെന്ത്രാപിന്നി എന്ന ഗുണഭോക്താവിന് വേണ്ടി എക്സിക്യൂട്ടീവ് ഡയറക്ടർ,കേരള സ്റ്റേറ്റ് സോഷ്യൽ സെക്യൂരിറ്റി മിഷന് നൽകിയിട്ടുണ്ട്. കോഴിക്കോട് ഗവ.മെഡിക്കൽ കോളേജിലെ ഓഡിയോളജിസ്റ്റിന്റെ ശുപാർശ പ്രകാരം 36250/-രൂപയുടെ ഉപകരണങ്ങൾ ആവശ്യമുള്ളതായി അറിയിച്ചിട്ടുണ്ട്.എന്നാൽ ടി തുക നൽകുന്നതിന് പകരം 50000/-രൂപ കൈമാറിയതിനാൽ

കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് 13750/- രൂപ അധികം കൈമാറിയിട്ടുണ്ട്. നാളിതു വരെ ഉപകരണങ്ങൾ ഗുണഭോക്താവിന് ലഭ്യമായിട്ടില്ല.ഉപകരണങ്ങൾ വേഗം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും,അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതുമാണ്.(ഓഡിറ്റ് എൻക്വയറി-15/14.11.23)

## 1-30 ഉപ്പ് ബണ്ട് നിർമ്മാണം-കരാറുകാരന്റെ ലാഭം ഉൾപ്പെടുത്തി കൺവീനർക്ക് തുക നൽകി

നിർവ്വഹണോദ്യോഗസ്ഥൻ-അസിസ്റ്റന്റ് എഞ്ചിനീയർ
എടത്തിരുത്തി ഗ്രാമപഞ്ചായത്തിലെ കൃഷിയിടങ്ങളിൽ ഉപ്പ് വെള്ളം കയറുന്നത് തടയുന്നതിന് വേണ്ടി ബണ്ട് നിർമ്മിക്കുന്നതിന് ചെന്ത്രാപ്പിന്നി ദേശത്തും, കനോലികനാലിൽ നിന്നും ഉപ്പ് വെള്ളം കയറുന്നത് തടയുന്നതിന് വേണ്ടി കല്ലുംകടവിലും ബണ്ട് നിർമ്മിക്കുന്നതിന് പദ്ധതി നടപ്പാക്കിയിട്ടുണ്ട്.മേൽ രണ്ട് പ്രോജക്ടുകളിലും ഇനം.1 പ്രകാരം റിങ്ങ് ബണ്ട് നിർമ്മിച്ചിട്ടുണ്ട്. കൺവീനർ മുഖേനയാണ് ടി രണ്ട് പ്രവൃത്തികളും ചെയ്തിട്ടുള്ളത്. റിങ്ങ് ബണ്ട് നിർമ്മിക്കുന്നതിനും,കൂലിയിനത്തിലും കൺവീനർ വർക്കിന് കരാറുകാരന്റെ ലാഭം ഉൾപ്പെടുത്തി തുക നൽകിയിട്ടുണ്ട്.

എ)റിങ്ങ് ബണ്ട് നിർമ്മാണം (OD89502/22-23)നൽകിയ തുകയുടേയും, നൽകേണ്ട തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| നൽകിയ നിരക്ക് | | നൽകാവുന്ന നിരക്ക് | |
|---|---|---|---|
| ഇനം | നിരക്ക് | ഇനം | നിരക്ക് |
| ബേസിക് റേറ്റ് | 1098.76 | ബേസിക് റേറ്റ് | 1098.76 |
| വാട്ടർ ചാർജ്ജ് | 10.99 | വാട്ടർ ചാർജ്ജ് | 10.99 |
| | 1109.75 | | 1109.75 |
| Add- | | Add- | |
| CP&OH Charge @15% | 166.46 | CP&OH Charge @7.50% | 83.23 |
| Cost Index | 252.31 | Cost Index | 252.31 |
| | 1528.52 | | 1445.29 |

ബി)കൂലി കണക്കാക്കിയതിന്റെ (OD89503/22-23)വിവരം താഴെ കൊടുക്കുന്നു.

| നൽകിയ നിരക്ക് | | നൽകാവുന്ന നിരക്ക് | |
|---|---|---|---|
| ഇനം | നിരക്ക് | ഇനം | നിരക്ക് |
| ബേസിക് റേറ്റ് | 558.00 | ബേസിക് റേറ്റ് | 558.00 |
| വാട്ടർ ചാർജ്ജ് -1% | 5.58 | വാട്ടർ ചാർജ്ജ് | 5.58 |
| | 563.58 | | 563.58 |
| Add- | | Add- | |
| CP&OH Charge @15% | 84.54 | CP&OH Charge @7.50% | 42.27 |

| | | | |
|---|---|---|---|
| Cost Index | 230.67 | Cost Index | 230.67 |
| | 878.79 | | 836.52 |

രണ്ട് പ്രവൃത്തികളിൽ അധികം നൽകിയ തുകയുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്, പ്രോജക്റ്റ് നം | ഇനം, പ്രവൃത്തി | ചെയ്ത അളവ്, മീറ്റർ | നൽകിയ തുക ₹ | നൽകേണ്ട തുക ₹ | അധികം ₹ |
|---|---|---|---|---|---|---|
| 1 | ഉപ്പ് ബണ്ട് നിർമ്മാണം കല്ലുംകടവ്, പ്രൊജക്റ്റ് നം.203/23,MB-54635/2022,<br>കൺവീനർ-<br>സുഭാഷ് പടിയത്ത്, വകയിരുത്തിയ തുക-30000/-(വികസന ഫണ്ട്)<br>വൗച്ചർ നം. 42201183/25.03.23<br>(ബിൽ നം. തി. 33/2023/തീയതി 10.03.23)<br>29990/- | 1.റിങ്ങ് ബണ്ട് നിർമ്മാണം | 6.9 | 10546.79 (@1528.52) | 9973 (@1445.29) | 574 |
| 2 | ,, | 3.coolie | 15 | 13181/- (@878.79) | 12547.8 (@836.52) | 633 |
| 3 | ഉപ്പ് ബണ്ട് നിർമ്മാണം-<br>,ചെന്ത്രാപ്പിന്നി ദേശം -<br>പ്രൊജക്റ്റ് നം204/23, MB-47599/22<br>കൺവീനർ-<br>സനിൽ കുമാർ, അടങ്കൽ-50000/ (വികസന ഫണ്ട്)<br>വൗച്ചർ നം. 42201179/25.03.23<br>(ബിൽ നം. തി. 30/2023/06.03.23)<br>49835/- | 1.റിങ്ങ് ബണ്ട് നിർമ്മാണം | 11.9 | 18036.54 (@ 1528.52) | 17199 (@1445.29) | 838 |
| | | | | | | 2045 |

ഓഡിറ്റ് എൻക്വയറി(7/13.11.23) നൽകിയതിന് മറുപടിയായി പ്രൈസ് സോഫ്റ്റ് വെയറിലെ തകരാർ മൂലമാണ് കൺവീനർ വർക്കിന് കരാറുകാരന്റെ ലാഭം ഉൾപ്പെടുത്തി തുക നൽകേണ്ടി വന്നതെന്ന് അറിയിക്കുകയുണ്ടായി. മേൽ പ്രകാരം 2045/-രൂപ കൺവീനർക്ക് അധികം നൽകിയിട്ടുണ്ട്. ആയത് കൺവീനറിൽ നിന്നും തിരികെ

ഈടാക്കി അടവാക്കേണ്ടതാണ്.അല്ലാത്ത പക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

**1-31 റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ - പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.**

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ
പ്രോജക്ട് നം - 74/23
വകയിരുത്തിയ തുക - തനത് ഫണ്ട് - 1,00,000/-
ചെലവ് - 21600/-ചെക്ക് നം.6429716/14.09.22(വൗച്ചർ നം.22200478/17.09.22)

റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ എന്ന പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ശ്രീമതി.സിമി ശൈലേഷ് ,രേഷ്മ സുമേഷ് എന്നീ വളണ്ടിയർമാരെ 13.06.22ലെ 1/9-ാം നം. കമ്മിറ്റി തീരുമാന പ്രകാരം നിയമിക്കുകയുണ്ടായി. മേൽ വ്യക്തികളുമായി എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടില്ല. തൻവർഷം സിമി ശൈലേഷിന് 21600/-രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി ചെയ്തത് സംബന്ധിച്ച വിവരം,വേതനം കൈപ്പറ്റിയതിന്റെ വിവരം എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. നാളിതു വരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.ആയതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി(18/14.11.23) നൽകിയതിന് മറുപടിയായി എല്ലാ വാർഡുകളിലേയും റോഡ് സർവ്വേ പൂർത്തീകരിച്ചതായും, വെരിഫിക്കേഷൻ, അപ്രൂവൽ എന്നിവ R-Track Software ന്റെ Error മൂലം പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ലാത്തതായും അറിയിച്ചിട്ടുണ്ട്.എത്രയും വേഗം പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-32 കരാർ വെക്കാൻ വൈകിയതിന് പിഴ ഈടാക്കിയിട്ടില്ല.**

കേരള പി.ഡബ്ള്യൂ.ഡി.മാന്വൽ 2009.6 പ്രകാരം നോട്ടീസ് കൈപ്പറ്റി 14ദിവസത്തിനുള്ളിൽ എഗ്രിമെന്റ് വെക്കേണ്ടതാണ്.സമയ പരിധിക്കുള്ളിൽ എഗ്രിമെന്റ് വെക്കാത്തത് മൂലം എഗ്രീഡ് PACയുടെ 1% പിഴ ഈടാക്കി കൊണ്ട് 10 ദിവസം കൂടി നീട്ടി നൽകാവുന്നതാണ്.എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ പിഴ ഈടാക്കാതെയാണ് എഗ്രിമെന്റ് വെച്ചിട്ടുള്ളത്. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ വിശദാംശം | സെലക്ഷൻ നോട്ടീസ് നൽകിയ തീയതി | എഗ്രിമെന്റ് വെക്കേണ്ട തീയതി | എഗ്രിമെന്റ് വെച്ച തീയതി | ഈടാക്കേണ്ട പിഴ (Agreed PAC*1%) |
|---|---|---|---|---|---|
| 1 | കാളികുട്ടി സാംസാകാരിക നിലയം നവീകരണം,<br>പ്രോജക്ട് നം.42/23<br>സാങ്കേതികാനുമതി-LSGD/TS/19-20/97879/31.12.19<br>എഗ്രീഡി പി.എ.സി.-477200/<br>കരാറുകാരൻ -ടി.കെ.ലവൻ, ഗേറ്റ് വേ ബിൽഡേഴ്സ്, കയ്പമംഗലം<br>എഗ്രിമെന്റ് 19/AE/LSGD/EDTY/20-21 Dt.17.07.20<br>MB-83/20-21,192/21-22 | 28.04.20 | 12.04.20 | 17.07.20 | 4772(477200*1%) |

| | | | | | |
|---|---|---|---|---|---|
| 2 | പി.എച്ച്.സിയിൽ ഗേറ്റ് സ്ഥാപിക്കൽ, പ്രോജക്റ്റ് നം.54/23<br>സാങ്കേതികാനുമതി- LSGD/TS/21-22/67762 /27.12.21<br>എഗ്രീഡ് പി.എ.സി.250000-/<br>കരാറുകാരൻ -സിദ്ദിക്ക്.പി.ബി.<br>എഗ്രിമെന്റ് 52/AE/LSGD /EDTY/20-21 Dt.19.02.22<br>MB-204/21-22 | 22.01.22 | 05.02.22 | 19.02.22 | 2500<br>(250000*1%) |
| 3 | ജനമൈത്രി റോഡിൽ കൾവർട്ട് നിർമ്മാണം<br>പ്രോജക്റ്റ് നം.85/23<br>സാങ്കേതികാനുമതി- LSGD/TS/19-20 /103864/16.01.20<br>എഗ്രീഡ് പി.എ.സി.- 500000/<br>കരാറുകാരൻ -സി.എ.ജമാൽ<br>എഗ്രിമെന്റ് 38/AE/LSGD /EDTY/20-21 Dt.23.10.20<br>MB-87/20-21 | 22.06.20 | 06.07.20 | 23.10.20 | 5000/-<br>(500000*1%) |
| 4 | കൈസാബ് റോഡിൽ കാന നിർമ്മാണം -<br>പ്രോജക്റ്റ് നം.49/23<br>സാങ്കേതികാനുമതി- LSGD/TS/59142/21-22 /18.11.21<br>എഗ്രീഡ്, പി.എ.സി.- 500000/<br>കരാറുകാരൻ -ടി.കെ.ലവൻ, ഗേറ്റ് വേ | 10.12.2021 | 24.12.21 | 19.02.22 | 5000/-<br>(500000*1%) |

| | | | | | |
|---|---|---|---|---|---|
| | ബിൽഡേഴ്സ്,കയ്പമംഗലം<br>എഗ്രിമെന്റ് 52/AE/LSGD /EDTY/20-21 Dt.19.02.22<br>MB-117/20-21 | | | | |
| 5 | പ്രോജക്റ്റ് നം.85/23<br>സാങ്കേതികാനുമതി-LSGD/TS/19-20 /103864<br>എഗ്രീഡി പി.എ.സി.-500000/<br>കരാറുകാരൻ -ജമാൽ.സി.എ.<br>എഗ്രിമെന്റ് 38/AE/LSGD /EDTY/20-21 Dt.23.10.20<br>MB-83/20-21,192/21-22 | 22.06.20 | 06.07.20 | 23.10.20 | 5000/-<br>(500000*1%) |
| 6 | ചെന്ത്രാപ്പിന്നി 17th കല്ല് റോഡ് -ബാക്കി ഭാഗം മെയിന്റനൻസ്<br>പ്രോജക്റ്റ് നം.70/23<br>വകയിരുത്തിയ തുക-516478/- മെയിന്റനൻസ് റോഡ്<br>സാങ്കേതികാനുമതി-69921/21-22 Dt.31.12.21-572000/-<br>കരാർ കാലാവധി 6മാസം<br>എഗ്രീഡ് പി.എ.സി.461141 /-<br>കരാറുകാരൻ -ഗേറ്റ് വേ ബിൽഡേഴ്സ്<br>എഗ്രിമെന്റ് -56/21-22 /AE/LSGD/EDTY Dt.11.03.22<br>MB-188/21-22<br>ബിൽ നം.-02/22-23-09.06.22 -268530/- | 08.02.22 | 22.02.22 | 11.03.22 | 4611(461141*1%) |

| | | | | | |
|---|---|---|---|---|---|
| | 08/09.06.22-247948/- | | | | |

മേൽ പ്രകാരം എഗ്രിമെന്റ് വെക്കാൻ വൈകിയ കരാറുകാരിൽ നിന്നും പിഴ ഈടാക്കാതിരുന്നതിന് കാരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി-(19/15.11.23) നൽകിയതിന് മറുപടിയായി ക്രമ നം.2,4,5 എന്നിവ പ്രകാരമുള്ള പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും യഥാക്രമം രശീത് നം.12303087/16.11.23 പ്രകാരം 2500/- രൂപയും,രശീത് നം.12303084/16.11.23 പ്രകാരം 9611 (5000+4611) രൂപയും അടവാക്കിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ക്രമ നം.1,3 എന്നിവയുടെ നിർവ്വഹണ സമയത്ത് കോവിഡ് മൂലം സ്റ്റാമ്പ് പേപ്പർ,സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ വാങ്ങിക്കാൻ സാധിക്കാത്തത് മൂലമാണെന്ന് ബോധ്യപ്പെട്ടതിനാലാണ് പിഴ ഈടാക്കാതെ കരാറിലേർപ്പെട്ടതെന്ന് അറിയിച്ചു. കരാർ വെക്കാൻ വൈകുന്നതിന് എഗ്രിമെന്റ് വെക്കുന്ന സമയത്ത് തന്നെ പിഴ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-33 പ്രവൃത്തി വൈകി പൂർത്തീകരിച്ചതിന് പിഴ ഈടാക്കിയിട്ടില്ല.

നിർവ്വഹണോദ്യോഗസ്ഥൻ-അസിസ്റ്റന്റ് എഞ്ചിനീയർ

2012 ലെ പൊതുമരാമത്ത് വകുപ്പ് മാന്വൽ ,ജി ഒ(പി) 13/2012 PWD തീയതി. 1.2.2012 എന്നിവ പ്രകാരവും, തൻവർഷം ഫൈനൽ ബിൽ നൽകിയ താഴെ പറയുന്ന പ്രവൃത്തികളുടെ കരാർ ഉടമ്പടി 7 പ്രകാരവും നിശ്ചിത തിയ്യതിക്കകം തന്നെ പ്രവൃത്തി പൂർത്തിയാക്കിയിരിക്കേണ്ടതാണ്. മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാൻ സാധിച്ചില്ലെങ്കിൽ നിശ്ചിത കാലാവധിയുടെ 20% സമയം (5ൽ1) കൂടി പിഴയില്ലാതെ അനുവദിക്കാവുന്നതാണ്.അതിൽ കൂടുതൽ വരുന്ന മൂന്ന് മാസം വരെ സമയം കരാർ തുകയുടെ 1% പിഴ ചുമത്തി കൊണ്ടും,പിന്നീട് വേണ്ടി വരുന്ന ഓരോ മൂന്ന് മാസത്തിനും കരാർ തുകയുടെ 2% വീതം ചുമത്തി കൊണ്ടു മാത്രമേ കാലാവധി നീട്ടി കൊടുക്കുകയുള്ളൂ എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. സമയം ദീർഘിപ്പിച്ചു നൽകുന്നതിന് കരാറുകാരൻ നിശ്ചിത ഫോറത്തിൽ അപേക്ഷ സമർപ്പിക്കുകയോ,സപ്ലിമെന്ററി എഗ്രിമെന്റ് വെക്കുകയോ ചെയ്തിട്ടില്ല. മാത്രമല്ല വൈകി പൂർത്തീകരിച്ച പ്രവൃത്തികളിൽ കാലാവധി നീട്ടിക്കൊടുത്തത് അംഗീകരിച്ചുകൊണ്ടുള്ള കമ്മിറ്റി തീരുമാനവും ഹാജരാക്കിയിട്ടില്ല.

1) അങ്കണവാടി മെയിന്റനൻസ് വാർഡ് 10,16,18

പ്രോജക്റ്റ് നം.76/23

വകയിരുത്തിയ തുക-500000/- മെയിന്റനൻസ് നോൺറോഡ്

സാങ്കേതികാനുമതി-91615/21-22 Dt.08.03.22-500000/-

കരാർ കാലാവധി 6മാസം

എഗ്രീഡ് പി.എ.സി. – 446425.82/-

കരാറുകാരൻ -സി.എ.ജമാൽ

എഗ്രിമെന്റ് -70/21-22/AE/LSGD/EDTY Dt.30.03.22

MB-114/20-21,116/20-21,110/20-21

ബിൽ നം.-19/22-23-28.01.23-499990/-(വൗച്ചർ നം-42201070/24.01.23)

മേൽ പ്രവൃത്തിയുടെ കരാർ കാലാവധി 6 മാസമായിരുന്നു. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ച് അളവെടുത്തിട്ടുള്ളത് 09.01.23 നാണ്.

പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി 29.09.2022

20% സമയം നീട്ടി നൽകുമ്പോൾ പൂർത്തീകരിക്കേണ്ട തീയതി -14.11.2022

15.11.22 -09.01.23 – 1%

446425.82*1%-4464/- പിഴയിനത്തിൽ ഈടാക്കേണ്ടതായിരുന്നു. അങ്കണവാടിയ്ക്ക് മുൻവശം നീർച്ചാൽ സൈഡ് കെട്ടി സ്ലാബ് ഇടുന്നതിന് പോസ്റ്റ് മാറ്റി സ്ഥാപിക്കാൻ വൈകിയതുമൂലമാണ് പ്രവൃത്തി പൂർത്തീകരിക്കാൻ വൈകിയതെന്ന് മറുപടി ലഭ്യമാക്കി.

2) കൈസാബ് റോഡിൽ കാന നിർമ്മാണം

പ്രോജക്റ്റ് നം.49/23

വകയിരുത്തിയ തുക-500000/- മെയിന്റനൻസ് റോഡ്

സാങ്കേതികാനുമതി-TS/59142/21-22/18.11.21-500000/-

കരാർ കാലാവധി – 10മാസം

എഗ്രീഡ് പി.എ.സി. – 500000/-

കരാറുകാരൻ -ഗേറ്റ് വേ ബിൽഡേഴ്സ്

എഗ്രിമെന്റ് -27/21-22/AE/LSGD/EDTY Dt.07.01.22

MB-117/20-21

ബിൽ നം.-24/22-23 /07.03.23-50546/-(വൗച്ചർ നം.42201136/06.03.23)
ബിൽ നം.-20/31.01.23-424387/-(വൗച്ചർ നം.42201082/30.01.23)

മേൽ പ്രവൃത്തിയുടെ കരാർ കാലാവധി 10 മാസമായിരുന്നു. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ച് അളവെടുത്തിട്ടുള്ളത് 02.03.23 നാണ്.

പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി -06.11.22

20% സമയം നീട്ടി നൽകുമ്പോൾ പൂർത്തീകരിക്കേണ്ട തീയതി -06.01.23

പൂർത്തീകരിച്ച തിയ്യതി-02 .03.23

ഈടാക്കേണ്ട പിഴ 500000 *1%-5000/-

5000/- രൂപ പിഴയിനത്തിൽ ഈടാക്കേണ്ടതായിരുന്നു. എന്നാൽ പിഴ ഈടാക്കാതിരുന്നതിന് എൻക്വയറി നൽകിയതിന് മറുപടിയായി പോസ്റ്റ് മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചശേഷം മഴക്കാലമായതിനാലാണ് വൈകിയതെന്ന് അറിയിച്ചു.

3) നേതാജി റോഡിൽ കാന നിർമ്മാണം

പ്രോജക്റ്റ് നം.46/23

വകയിരുത്തിയ തുക-142684/-ഡവലപ്പ്മെന്റ് ഫണ്ട് -ജനറൽ
സാങ്കേതികാനുമതി-TS/108158/19-20/29.01.20-300000/-

കരാർ കാലാവധി 6മാസം

എഗ്രീഡ് പി.എ.സി.300000/-

കരാറുകാരൻ -ഹാഷിം.എം.എം.

എഗ്രിമെന്റ് -48A/20-21/AE/LSGD/EDTY Dt.11.01.21

MB-164/21-22

ബിൽ നം.-13/22-23-15.09.22-141855/-(വൗച്ചർ നം.42200976/14.09.22)

മേൽ പ്രവൃത്തിയുടെ കരാർ കാലാവധി 6 മാസമായിരുന്നു. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ച് അളവെടുത്തിട്ടുള്ളത് 04.08.22 നാണ്.

പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയ്യതി-10.07.21

20% സമയം നീട്ടി നൽകുമ്പോൾ പൂർത്തീകരിക്കേണ്ട തിയ്യതി-25.08.21
സർക്കാർ ഉത്തരവ് നം. (സാധാ.) 1444/21/തസ്വഭവ. തീയതി 31.07.2021 പ്രകാരം 6 മാസം കൂടി നൽകിയാൽ പൂർത്തീകരിക്കേണ്ട തീയതി -24.01.2022

പൂർത്തീകരിച്ച തിയ്യതി-04 .08.22

ഈടാക്കേണ്ട പിഴ 300000 *3%-9000/-

9000/- രൂപ പിഴയിനത്തിൽ ഈടാക്കേണ്ടതായിരുന്നു.

ഓഡിറ്റ് എൻക്വയറി നൽകിയതിന് മറുപടിയായി കേരള വാട്ടർ അതോറിറ്റിയുടെ പണി

നടത്തേണ്ടതുള്ളതിനാൽ ടി പ്രവൃത്തി കരാർ കാലാവധിയിൽ തീർക്കാൻ സാധിച്ചിട്ടില്ലെന്ന് മറുപടി നൽകി.

4)ജനമൈത്രി റോഡിൽ കൾവർട്ട് നിർമ്മാണം

പ്രോജക്റ്റ് നം.85/23

സാങ്കേതികാനുമതി-LSGD/TS/19-20/103864/16.01.20

എഗ്രീഡ് പി.എ.സി.- 500000/

കരാറുകാരൻ -സി.എ.ജമാൽ

എഗ്രിമെന്റ് 38/AE/LSGD/EDTY/20-21 Dt.23.10.20

MB-87/20-21

ബിൽ നം.തി-09/19.06.22-227241/-(42200947/17.06.22)

മേൽ പ്രവത്തിയുടെ കരാർ കാലാവധി 6മാസമായിരുന്നു. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ച് അളവെടുത്തിട്ടുള്ളത് 30.05.22 നാണ്.

പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയ്യതി-22.04.21

20% സമയം നീട്ടി നൽകുമ്പോൾ പൂർത്തീകരിക്കേണ്ട തിയ്യതി-07.06.21
സർക്കാർ ഉത്തരവ് നം. (സാധാ.) 1444/21/തസ്വഭവ. തീയതി 31.07.2021 പ്രകാരം 6 മാസം കൂടി നീട്ടി നൽകി 07.06.21-06.12.21-nil

പൂർത്തീകരിച്ച തിയ്യതി-30 .05.22

ഈടാക്കേണ്ട പിഴ 500000 *3%-15000/-

15000/- രൂപ പിഴയിനത്തിൽ ഈടാക്കേണ്ടതായിരുന്നു.

